
KERALA POWER MIND MISSION

മനസ്സ്

a magazine for success!

JULY 2021



പവിത്രസ്മൃതി

മലങ്കര സഭയുടെ വലിയ ഇടയൻ
പരി. ബസേലിയോസ് മാർത്തോമ്മാ
പൗലോസ് ദ്വിതീയൻ
കാതോലിക്കാ
ബാവായെക്കുറിച്ചുള്ള
പ്രത്യേക പതിപ്പ്



പരിശുദ്ധ പിതാവിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ

ആദരാഞ്ജലികൾ

സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്ക്കൂൾ, കൈപ്പട്ടൂർ &
സെന്റ് ജോർജ്ജ് പബ്ലിക് സ്കൂൾ, കൈപ്പട്ടൂർ

MGOCSM IAS CIVIL SERVICE ACADEMY
OCSC COMPLEX, OPP. AKG CENTRE, TRIVANDRUM -1

MEMDHAN MEDICAL CENTRE
LLC. Oman Road, Opp. RaK Bank, Nakheel, Ras al Khaimah, UAE
P.O. NO. 11180, Tel: 971 7228 6364

ഉള്ളടക്കം

KERALA POWER MIND MISSION (KPMM)

"SAHITHYAM, SAMSKARAM. MANASHAKTHI.

ABOUT

KPMM started on August 1st August 2015 at the YMCA Centre Aluva, Ernakulam. We conducted a Two-day camp associated with Sunshine International School, Saudi Arabia and Jimani Consultancy Trivandrum. Former Central University Vice Chancellor and Mahatma Gandhi University Vice Chancellor . Dr. Jancy James officially inaugurated the Camp. Mr. Johnson Keeppallil, Chairman of Sunshine International School Saudi Arabia presided over the meeting. Welcome address was by C. S. Johnny, Principal of Sunshine International School Saudi Arabia . During these days, several prominent people took classes such as former Vice Chancellor Cyriac Thomas, E.K. Mohammad Shaffi, Principal, International Indian School Dammam, Binu Kottarathil helped by the camp Directors James Joseph, Former Higher Secondary Director and Preeth Chandanapalli. More than 60 people participated in this camp. In 2016, we successfully conducted a second program in association with St. George Mount High School Kaipattoor. This was inaugurated by Lipin Raj IRPS and took classes on how to face the Civil Service Examinations. We also conducted mock test pertaining to the same. More than 200 students participated this time. During our third year, in 2017 the camp took place at the Adoor Marthoma Centre, was inaugurated by Perumpadavam Sreedharan. H.G.Dr. Abraham Mar Paulose Episcopa, James Joseph, Alexander Jacob IPS, John Panackel, P. Prasad, Housing Board Chairman, Prakash P. Thomas, Preeth Chandanapalli took classes. We had over 60 participants for the three days.

In 2018, we conducted another camp at Mar Baselios Public School, Kottayam in association with MGOSCM – Kottayam Central Diocese. More than 50 participated in this camp which was inaugurated by H.H. Moran Mar Basalios Paulose Second Catholicos. Bava. KPMM President Johnson Keeppallil presided over the meeting. Alexin George IP.s took classes along with Prof. Isaac Pampadi, Prof. Elias and other dignitaries."An award committee was selected by Former Higher Secondary Director James Joseph comprising of Prof Elias, Prof. Isaac Pampadi and Mr. Gopi Krishnan, South Indian Bank, Kottayam Manager with the intention to give awards to selected degree students. Justice K.T. Thomas Former Justice of Supreme Court of India inaugurated the function and it was presided over by the Award Committee Chairman James Joseph.

In 2019, we held a camp at St. George Mount High School, Kaipattoor. Mr. Sarin PI & AS inaugurated the function and took a basic foundation class on the Civil Service exams and Fr. Saji Mekattu took a class on personality development. Welcome address was given by Rajendran Unnithan, Headmaster.

AIM

Our aim is to develop the ethics, personality and education of today's younger generation as well as the social circle they grow up in."Considering the current situation, we are planning to hold several webinars twice or thrice in a month depending on the need and perhaps issue a magazine online or otherwise to include all of our thoughts and ideas on shaping up a model society.





ജോൺസൺ കീപ്പള്ളിൽ
(ചീഫ് എഡിറ്റർ)

പരിശുദ്ധ പിതാവേ കണ്ണീരോടെ വിട...

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

എന്റെ ജീവിതത്തിൽ, ഞാൻ പരിചയപ്പെടുന്ന നാലാമത്തെ കാതോലിക്കാ ബാവയാണ് ഇപ്പോൾ നമ്മെ വിട്ടുപിരിഞ്ഞ് സ്വർഗ്ഗീയ മണവറയിൽ എത്തിയിരിക്കുന്നത്.

എന്റെ വിദ്യാഭ്യാസ കാലത്തു പരിചയപ്പെട്ട കാതോലിക്കായായിരുന്നു വട്ടക്കുന്നേൽ ബാവാ (മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമേനി). പന്തളത്തു നിന്നും ബസ് കയറി കഞ്ഞിക്കുഴിയിൽ ഇറങ്ങി നടന്ന് ദേവലോകത്തെത്തുമ്പോൾ മിക്കപ്പോഴും ഒരു മണിക്കൂറിൽ കൂടുതൽ സംസാരിച്ച് വാത്സല്യപൂർവ്വം ഭക്ഷണം കഴിപ്പിച്ച് വിടുമായിരുന്നു. ഞാൻ ബാംഗ്ലൂരിൽ പഠിക്കാൻ പോയപ്പോൾ *'എനിക്ക് ഇനി ആരുണ്ടെടോ'* എന്ന് സ്നേഹത്തോട് പറഞ്ഞ വാക്ക് ഇന്നും മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

അതിനുശേഷം വന്ന പ. മാത്യൂസ് ദ്വിതീയൻ ബാവയുമായും പല മീറ്റിംഗുകളിൽ സംസാരിക്കുവാനും മംഗള പത്രം സമർപ്പിക്കുവാനും അവസരം ലഭിച്ചു. ദിദിമോസ് പ്രഥമൻ ബാവായുമായി നാട്ടിലും വിദേശത്തു വച്ചും സംസാരിക്കുവാനും സാധിച്ചിട്ടുണ്ട്. അദ്ദേഹം ഞങ്ങളുടെ കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മൗണ്ട് സ്കൂളിൽ വന്ന് അദ്ദേഹം ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു.

എന്നാൽ അതിലൊക്കെയു പരി പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുമായി പരിചയപ്പെട്ട അന്നു മുതൽ ഒരു വ്യക്തിബന്ധം കാത്തു സൂക്ഷിക്കുന്നതിന് എനിക്ക് സാധിച്ചു.

കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്കൂളിന്റെ സപ്തതി ആഘോഷങ്ങളുടെ ഉദ്ഘാടനവും, സെന്റ് ജോർജ്ജ് പബ്ലിക് സ്കൂളിന്റെ പുതിയ കെട്ടിടകൂദാശയും അദ്ദേഹം നിർവ്വഹിച്ചു. എന്റെ മകൾ (ആറാം ക്ലാസുകാരി) എഴുതിയ 'സെപ്യ്സ് കിഡ്സ്' എന്ന നോവലിന്റെ പ്രകാശന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. അന്നത്തെ ഡപ്യൂട്ടി സ്പീക്കർ ജോസ് ബേബിയും ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി.

സെന്റ് ജോർജ്ജ് പബ്ലിക് സ്കൂൾ സ്ഥാപകനായിരുന്ന അന്ന് 76 വയസ്സ് പൂർത്തിയായ എന്റെ പിതാവ് കെ.എം. ജോണിനേയും ഭാര്യാപിതാവായ എഴുപത് വയസ്സ് പൂർത്തിയായ സ്കൂൾഗവേണിംഗ് ബോർഡ് ചെയർമാനായ കെ. പി. കുര്യനെയും പരി. ബാവ പൊന്നാട അണിയിച്ചത് ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു.

കോട്ടയം ദേവലോകത്തു വച്ചു മലങ്കര സഭ നടത്തിയ സമ്മേളനത്തിൽ നോവൽ എഴുതിയതിന് മകൾ റിമിന് ബാവാ തിരുമേനി മൊമെന്റോ നൽകി ആദരിച്ചു. വീണ്ടും എം.ജി.ഒ.സി.എസ്. എം. ജൂബിലിയുടെ നിറവിൽ നടന്ന സമ്മേളനത്തിൽ എന്റെ മകളുടെ രണ്ടാം പുസ്തകം MECHANICAL DANGER ന് പരിശുദ്ധ ബാവാ തിരുമേനി അവാർഡ് നൽകി ആദരിച്ചു.

ഞാൻ കോട്ടയത്ത് താമസമാക്കിയ നാൾ മുതൽ അടുത്ത് സഹകരിക്കുന്നതിനും അഭിപ്രായങ്ങൾ തുറന്ന് പറയുന്നതിനും സാധിച്ചിരുന്നു. ഒരിക്കൽ കൊച്ചി എയർപോർട്ട് ലോഞ്ചിൽ വച്ച് ഒരു പിതാവിനെപ്പോലെ സ്നേഹവാത്സല്യത്തോടെ എന്നെ വാരി പുണർന്നു.

വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കേരള പവർമെൻഡ് മിഷനും എം.ജി.ഒ. സി.എസ്. എം.മായി ചേർന്ന് നടത്തിയ സിവിൽ സർവ്വീസ് മാർഗ്ഗനിർദ്ദേശക ക്യാമ്പ് കോട്ടയം മാർ ബസേലിയോസ് പബ്ലിക് സ്കൂളിൽ വച്ച് തിരുമേനി ഉദ്ഘാടനം ചെയ്ത യോഗത്തിൽ എനിക്ക് അദ്ധ്യക്ഷത വഹിക്കാനുള്ള ഭാഗ്യം സിദ്ധിച്ചു. വിവിധ മേഖലകളിലെ വളരെ പ്രഗൽഭരായ വ്യക്തികൾ ആ സമ്മേളനത്തിൽ പങ്കെടുത്ത് ക്ലാസുകൾ നയിച്ചു.

ബാവാ തിരുമേനി പേട്രൻ ആയുള്ള മലങ്കര സഭയുടെ ഔദ്യോഗിക ചാരിറ്റി വിഭാഗമായ ആർദ്ര സൊസൈറ്റിയുടെ കമ്മറ്റി അംഗമായി മൂന്ന് വർഷം മുമ്പ് മലങ്കര മെത്രാപ്പൊലീത്ത ആയ തിരുമേനി എന്നെ നോമിനേറ്റ് ചെയ്തു. തുടർ വർഷങ്ങളിൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുകയും ഉണ്ടായി. എന്നാൽ ഭാഗ്യവശാൽ ഈ വർഷം പൊതുയോഗത്തിൽ മുൻ എം.പി. ശ്രീ. തോമസ് കുതിരവട്ടം എന്നെ ആർദ്രയുടെ ട്രഷററായി നോമിനേറ്റ് ചെയ്യുകയും ഐ.സി. തമ്പാൻ പിന്താങ്ങുകയും, പൊതുയോഗം അംഗീകരിക്കുകയും ചെയ്തു. എന്നാൽ പരിശുദ്ധ ബാവാ തിരുമേനിയാണ് അന്തിമ അനുമതി നൽകേണ്ടത്. അഭിവന്ദ്യ ഏലീയാസ് തിരുമേനി പ്രസിഡന്റും, അഡ്വ. ഡോ. ഐസക് പാമ്പാടി സെക്രട്ടറിയും, ഞാൻ ട്രഷററും ഏഴ് കമ്മറ്റി അംഗങ്ങളും ഉൾപ്പടെയുള്ളവരെ തെരഞ്ഞെടുത്തത് അംഗീകരിച്ചുകൊണ്ടുള്ള കല്പന ജൂൺ മാസം 14-ാം തീയതി തിരുമേനി ഒപ്പിട്ടു നൽകുകയുണ്ടായി. ഒരു പക്ഷേ അവസാനമായി സഭയുടെ ഒരു സംഘടനക്കുവേണ്ടി ബാവാ ഇറക്കിയ കല്പന ആർദ്ര പ്രസ്ഥാനത്തിന് ലഭിക്കുകയുംചെയ്തു. "ഇവിടെ ആവശ്യവുമായി കടന്നു വരുന്ന പാവങ്ങളെ വെറും കൈയ്യോടെ ഒരു കാരണവശാലും പറഞ്ഞു വിടരുത് എന്ന്" തിരുമേനി എപ്പോഴും പറയുമായിരുന്നു. അത് ആർദ്ര എന്നും പാലിച്ചിട്ടുണ്ട്.

മനസ്സ് മാസികയുടെ ആദ്യപ്രകാശനം അഭിവന്ദ്യ അപ്രേം തിരുമേനിയാണ് നടത്തിയത്. എങ്കിലും അതിന്റെ പൂർണ്ണത പരി. ബാവാ തിരുമേനിക്ക് നൽകിയാണ് നിർവ്വഹിച്ചത്. ഞങ്ങൾ എന്നും ഈ പുണ്യാത്മാവിനെ മനസിൽ കാത്തു സൂക്ഷിക്കും.

പല സമയങ്ങളിലും നേരിട്ടുവിളിക്കുകയും എന്റെ പ്രയാസങ്ങളിൽ എനിക്കും എന്റെ കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്ന പുണ്യശ്ലോകനായിരുന്നു പരി. ബാവാ തിരുമേനി.

ഇമ്പങ്ങളുടെ പറുദീസയിൽ മാലാഖ വൃന്ദങ്ങളോട് ചേർന്ന അങ്ങ് വസിക്കുന്നു എന്ന് പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് ഈ ലക്കം അങ്ങയുടെ പാദാര വൃന്ദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു...



കുറിയാക്കോസ് മാർ ക്ലീമ്മിസ്
(തുമ്പമൺ ഭദ്രാസനാധിപൻ,
സീനിയർ മെത്രാപ്പോലീത്ത)

സഭയുടെ നന്മ ലക്ഷ്യമാക്കിയ കാതോലിക്ക ബാവാ



മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട് നിയോഗിതനായ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കായുടെ ജീവിതവും ദർശനങ്ങളും അനേകർക്ക് മാതൃകയും പ്രത്യാശയും പകരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഒരു ദശാബ്ദത്തിലേറെ മലങ്കര സഭയെ നയിക്കാൻ പരിശുദ്ധ പിതാവിന് അവസരം ലഭിച്ചു. 2017 ൽ ലഭിച്ച സുപ്രീംകോടതി വിധിയോടെ വ്യവഹാരരഹിതമായ സഭ എന്ന ലക്ഷ്യത്തിലേക്ക് ശ്രദ്ധേയമായ ചുവടുവയ്ക്കാൻ അദ്ദേഹത്തിനായി. ജന്മദേശത്തിന്റെ സ്വാധീനം നിർണ്ണായകമായിരുന്നു. രണ്ട് മലങ്കര മെത്രാപ്പോലീത്തന്മാർ (പുലിക്കോട്ടിൽ ഒന്നാമനും രണ്ടാമനും) കുന്നംകുളത്ത് നിന്ന് അദ്ദേഹത്തിന് മുൻഗാമികളായി ഉണ്ടായിരുന്നു. പരിശുദ്ധ സഭയോടുള്ള സ്നേഹവും തീക്ഷ്ണതയും ആരാധനയിലും അനുഷ്ഠാനങ്ങളിലുമുള്ള ശ്രദ്ധ, പ്രതിബന്ധങ്ങളെ ധൈര്യത്തോടെ നേരിടാനുള്ള പ്രാപ്തി മുതലായവ നേടാൻ കുടുംബവും ഇടവക പള്ളിയും ഉൾപ്പെടുന്ന കുന്നംകുളം ദേശത്തിന്റെ സ്വാധീനം പൗലോസ് ദ്വിതീയൻ ബാവയിലുണ്ടായി. പഠനകാലയളവിൽ കോട്ടയത്തെത്തുകയും സെമിനാരി പഠനവും തുടർന്ന് വൈദീകശുശ്രൂഷയും നിർവ്വഹിച്ചു. ഈ കാലയളവിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയുമായി ബന്ധം സ്ഥാപിച്ചു.

സഭാ ഭരണം, ആരാധനയുടെ നിർവ്വഹണം മുതലായവയിൽ മാത്യൂസ് പ്രഥമൻ ബാവായുടെ സ്വാധീനം പൗലോസ് ദ്വിതീയൻ ബാവയിൽ ദർശിക്കാം. ഇരുവരും പൊതുവായി പറയുന്നത് അധികാരം പൗരോഹിത്യസ്ഥാനികൾക്കുണ്ട് എന്നാൽ ശ്രദ്ധാപൂർവ്വം മാത്രം അതുപയോഗിക്കണം എന്നായിരുന്നു.

ശെമ്മാശനായിരുന്നപ്പോൾ തിരുവനന്ത

പുരം സ്റ്റുഡന്റ്സ് സെന്ററിലും വൈദീകനായി രുന്നപ്പോൾ എറണാകുളം സെന്റ് മേരീസ് ദേവാലയത്തിലും ശുശ്രൂഷിച്ചു. ഇങ്ങനെ മലങ്കര സഭയുടെ വടക്കും തെക്കുമുള്ള പ്രവർത്തന മേഖലകളെക്കുറിച്ച് കൃത്യമായ ധാരണയുണ്ടായി. വ്യത്യാസങ്ങളെയും വൈവിധ്യങ്ങളെയും സമന്വയിപ്പിച്ച് സഭയുടെ ഭരണം നിർവ്വഹിക്കാൻ അദ്ദേഹത്തിനിടയാക്കിയ പ്രധാന കാരണങ്ങളിലൊന്ന് ലഭിച്ച പ്രായോഗിക പരിശീലനമാണ്.

പൗലോസ് ദ്വിതീയൻ ബാവായുടെ ഓരോ ചുവടും വാക്കും സഭയുടെ നന്മയെ ഗണ്യമാക്കിയുള്ളതായിരുന്നു. സഭയ്ക്ക് പ്രശ്നമോ, പ്രതിസന്ധിയോ ഉണ്ടാക്കുന്ന ഒന്നിനും അദ്ദേഹം ഇടയാക്കിയില്ല. രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങളോടും, വ്യക്തികളോടും അടുത്ത് ഇടപെടാനും സഭയുടെ നിലപാട് വ്യക്തമാക്കാനും ശ്രമിച്ചു. ആരെയും ഭയക്കാതെ സത്യം തുറന്നുപറഞ്ഞു. അദ്ദേഹത്തെ സ്വാധീനിച്ച പിതാക്കന്മാരുടെയും ദേശത്തിന്റെയും സ്വാധീനത്തിൽ ലഭിച്ച സഭാജീവിത ശൈലിയാണ് ഇതിനിടയാക്കിയത്.

നിയുക്ത കാതോലിക്കയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ സുന്നഹദോസ് അംഗങ്ങളിൽ പ്രായത്തിൽ ഇളപ്പമായിരുന്നു. കാതോലിക്കയായി സുന്നഹദോസിന് അദ്ധ്യക്ഷം വഹിക്കാൻ തുടങ്ങിയപ്പോൾ ഗുരുക്കന്മാരും മുതിർന്നവരുമായ മെത്രാപ്പോലീത്തന്മാർ സുന്നഹദോസ് അംഗങ്ങളായി ഉണ്ടായിരുന്നു. എന്നാൽ അധികാരത്തിന്റെ മത്ത് പിടിച്ച് അഹങ്കരിക്കാതെ വിനയപൂർവ്വം എല്ലാവരേയും ഉൾച്ചേർത്ത് വിഷയങ്ങളിൽ അഭിപ്രായ സമന്വയമുണ്ടാക്കാൻ എപ്പോഴും ശ്രമിച്ചു. ആരാധന പരിഷ്ക്കരണമുൾപ്പടെയുള്ള വിഷയങ്ങിൽ മലങ്കര സഭയുടെ സ്വത്വത്തിനും തനിമയ്ക്കും ഐക്യത്തിനും കോട്ടം വരരുത് എന്ന് ആഗ്രഹിച്ചു.

ഉത്തമനായ മനുഷ്യസ്നേഹിയായിരുന്നു പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. തന്റെ അടുക്കൽ വിവിധആവശ്യങ്ങൾക്കായി കടന്നുവരുന്നവരെ പരസ്യപ്പെടുത്താതെ സഹായിക്കാൻ ശ്രദ്ധിച്ചു. സ്വീകരണങ്ങളോടും മുദ്രാവാക്യങ്ങളോടും താൽപ്പര്യം കാണിച്ചില്ല. തന്റെ പ്രവർത്തനങ്ങൾ സഭയ്ക്ക് ദോഷമാകരുത്. പകരം എല്ലാവർക്കും നന്മയ്ക്കും അനുഗ്രഹത്തിനുമായിത്തീരണം എന്ന് എപ്പോഴും ആഗ്രഹിച്ചു. വിശ്വാസികൾ സഭയ്ക്ക് വിലപ്പെട്ടതാണ്. അവരെ അകറ്റാതെ സഭയോട് ചേർത്തു നിർത്താൻ ശ്രദ്ധിച്ചു.

അതിഥി സൽക്കാരപ്രിയനായിരുന്നു ബാവാ തിരുമേനി. സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ ചുമതല ബലഹീനനായ താൻ നിർവ്വഹിക്കുന്ന സമയത്ത് തെക്കൻ കേരളത്തിലേക്കും തിരികെയുമുള്ള യാത്രകളിലെ ഇടത്താവളം കുന്നംകുളം അരമനയായിരുന്നു. അരമനയിൽ ചെല്ലുമ്പോൾ ഉത്സാഹപൂർവ്വം അനേകം തവണ സ്വീകരിച്ചിട്ടുണ്ട്. കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതല നിർവ്വഹിക്കുന്ന കാലത്തും പിന്നീട് കാതോലിക്കാ ആയപ്പോഴും ബാവാ തിരുമേനി വിവേചനം കൂടാതെ സഭാംഗങ്ങളെയും അല്ലാത്തവരെയും സൽക്കരിക്കുന്നത് കണ്ടിട്ടുണ്ട്.

തന്നിൽ ഭരമേൽപ്പിച്ച വിലയേറിയ ദൗത്യം കളങ്കം കൂടാതെ നിർവ്വഹിക്കാൻ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉത്സാഹിച്ചു. അവഹേളനങ്ങളും കുറ്റപ്പെടുത്തലുകളും അദ്ദേഹത്തെ തളർത്തിയില്ല. "സഭയുടെ നന്മ" മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ച അദ്ദേഹം ആശ്രയിച്ചത് ദൈവത്തിൽ മാത്രമാണ്. സഭാദൗത്യത്തിനാവശ്യമായ കൃപകൾ നേടാൻ പ്രാർത്ഥനയും ഉപവാസവും മൗനവ്യത്രവും തിരുവചനധ്യാനവും അദ്ദേഹത്തെ സഹായിച്ചു. തദ്ദേശീയവും പൗരാണികവുമായ മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വത്വവും സ്വാതന്ത്ര്യവും നിലനിർത്താൻ അക്ഷീണം പ്രയത്നിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ചുമതല നിർവ്വഹിക്കാനും സഭാസമിതികളുടെ അദ്ധ്യക്ഷത വഹിക്കാനും പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കുറിയാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയെചുമതലപ്പെടുത്തിയിട്ടുണ്ട്.



അഡ്വ. ബിജു ഉമ്മൻ
(മലങ്കര അസോസിയേഷൻ സെക്രട്ടറി)

ലാളിത്യത്തിന്റെ പാഠപുസ്തകം

തെളിമയോടെ വിളങ്ങുന്ന ലാളിത്യത്തിന് ഉടമയായിരുന്നു പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ. നന്നേ ചെറുപ്പം മുതൽ ഉള്ളിൽ നിറഞ്ഞ ദൈവസ്നേഹത്തിൻറ പാതയിൽ സഞ്ചരിച്ച പ്പോൾ അദ്ദേഹത്തെ തേടിയെത്തിയ പൗരോ ഹിത്യം, കാതോലിക്കാ സ്ഥാനത്തിൽ എത്തി യിട്ടും അന്തർലീനമായ നിർമ്മലതയും ലാളി ത്യവും കെ ഐ പോളിൽ എന്നപോലെ പോൾ അച്ചനിലും, പൗലോസ് റമ്പാനിലും, പൗലോസ് മാർ മിലിത്തിയോസിലും, പരിശുദ്ധ ബസേലി യോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായിലും വർദ്ധിതമായി വിളങ്ങി.

മലങ്കര സഭയിലെ ശ്രേഷ്ഠ ആചാര്യൻ മാരുടെ ഗണത്തിൽ ലാളിത്യത്തിൻറയും നിർമ്മ ലതയുടെയും പ്രകാശപൂരിതമായ മന്ദസ്മിത മായി പരിശുദ്ധ പിതാവ് എന്നും ശോഭിക്കും. എസക്കിയേലിന്റെ പുസ്തകം 34 അധ്യായ ത്തിൽ പറയുന്നതുപോലെ; 'ഇതാ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടെത്തും. ജനങ്ങ ളുടെ ഇടയിൽ നിന്ന് ഞാൻ അവരെ കൊണ്ടു വരും. ഞാൻ അവരെ ഒരുമിച്ചു കൂട്ടും'. എന്ന വചനത്തെ ഊന്നുവടിയും ദണ്ഡുമായി കണ്ടു കൊണ്ട് സഭാമക്കളുടെ സ്വാതന്ത്ര്യത്തിനും സമാധാനത്തിനും വേണ്ടി ജീവിതം ത്യാഗപൂർ ണ്ണമായ ബലിയായി കാഴ്ചവെച്ച പൗലോസ് ദ്വിതീയൻ ബാവ തിരുമേനി, മുറിവേറ്റതിനെ വെച്ച്കെട്ടുവാനും, നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ച് കണ്ടെത്തുവാനും, മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയും ഭയംകൂടാതെ നടന്നുനീങ്ങിയ പിതാവാണ്. നൈർമല്യം ജന്മ സഹജമായിരുന്ന ഈ ഇടയശ്രേഷ്ഠന് ജീവിത ത്തിൽ പുലർത്തിയ ലാളിത്യത്തിന്റെ പ്രകാശം സംഭാഷണത്തിലും പ്രഭാഷണങ്ങളിലും എഴു ത്തിലുമൊക്കെ പ്രതിഫലിച്ചു.

വാക്കും പ്രവൃത്തിയും തമ്മിൽ അകല മുണ്ടാവരുത് എന്നതായിരുന്നു ആ ജീവിത ത്തിന്റെ സന്ദേശം. മാനവ സേവനം ഔദാര്യം അല്ലെന്നും അത് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്വമാണെന്നും പരിശുദ്ധ പിതാവ് ആവർത്തിച്ച് പഠിപ്പിച്ചിരുന്നു. ഉള്ളിലുള്ളത് മുഖത്തും വാക്കുകളിലും വിളങ്ങിയിരുന്ന അദ്ദേ ഹത്തിൽ കാപട്യം തെല്ലും വേരുപിടിച്ചില്ല. കീർ ത്തിയെക്കാളും പ്രീതിയെക്കാളും ബോധ്യങ്ങ ൾക്കും മനസാക്ഷിക്കും പ്രാധാന്യം നൽകിയ അദ്ദേഹം, മുഖംനോക്കാതെ സത്യസന്ധമായി സമിതികളിലും വ്യക്തികളോടും തന്റെ നിലപാട് പ്രകടിപ്പിച്ചിരുന്നു.

എളിയവരോട് ചേർന്ന് നിൽക്കുവാനും എളിയവരെ ചേർത്തു നിർത്തുവാനും ശ്രദ്ധിച്ച പരിശുദ്ധ ബാവാ തിരുമേനി, അത്യുന്നതമായ സ്ഥാനം അലങ്കരിച്ചപ്പോഴും സാധാരണക്കാരോ ടുള്ള തന്റെ ഐക്യത നിലനിർത്തി.

ആർക്കും എപ്പോഴും തന്നെ സധൈര്യം സമീപിക്കുവാൻ പരിശുദ്ധ പിതാവ് അവസരം നൽകി. ലാളിത്യവും നിർമ്മലതയും സവി ശേഷമായി പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ സ്വഭാവവും അല ങ്കാരവുമായി അന്തർലീനമായിരുന്നു. സാക്ഷ്യം എല്ലായ്പ്പോഴും ഫലദായകമാണ്. അനുദിന ജീവിതത്തിലോ, പ്രതിസന്ധികളിലോ, പീഢന ത്തിന്റേയും മരണത്തിന്റേയും മുമ്പിലോ, ഒരാൾ നൽകുന്ന സാക്ഷ്യം ഒരിക്കലും വിഫലമാകില്ല. ശാന്തവും പ്രൗഢവുമായ ജീവിത സാഹചര്യ ങ്ങളിലും വ്യവഹാരങ്ങളുടെയും ഭരണ സമ്മർ ദ്ദങ്ങളുടെയും പ്രതിസന്ധിയിലും മാരകമായ രോഗത്തിന്റെ പിടിയിലകപ്പെട്ടപ്പോഴും മരണ ത്തെ മുഖാമുഖം കണ്ടപ്പോഴും ആത്മധൈര്യവും ദൈവ സ്നേഹവും മുറുകെപ്പിടിച്ച് അന്തർലീന മായ ലാളിത്യത്തോടെ സുസ്മേരവദനനായി സർവ്വവും നിവർത്തിയാക്കി കടന്നുപോയ പരി ശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ധന്യജീവിതം ലാളിത്യത്തിന്റെ പാഠപുസ്തകമാണ്.

ഡോ. എം. കുര്യൻ തോമസ്



കുട്ടി..... നന്നായി പഠിക്കണേട്ടോ....



കത്തനാരു പട്ടത്തിനു പ്രീഡിഗ്രി അടിസ്ഥാന യോഗ്യത ആയിരുന്ന കാലത്ത് കുന്നംകുളം മങ്ങാട് സ്വദേശി കെ. ഐ. പോൾ കോട്ടയം പഴയ സെമിനാരിയിൽ പഠനത്തിനെത്തുന്നത് ബിരുദധാരിയായി ആണ്. ഡിഗ്രി അടിസ്ഥാന യോഗ്യത ആക്കിയ ശേഷം സെമിനാരിയിൽ കയറിപ്പറ്റാൻ പലരും ഇന്ന് സംഘടിപ്പിക്കുന്ന *തട്ടിക്കൂട്ട്* ഡിഗ്രിയല്ല. അന്നും ഇന്നും കടന്നുകൂടാൻ ഏറെ വിഷമമുള്ള ഫിസിക്സിലെ ബിരുദവുമായി.

കത്തനാർക്ക് ഒരു ഡിഗ്രിതന്നെ അലങ്കാരമായിരുന്ന അക്കാലത്ത് ഇതര ഭൗതീക മോഹങ്ങൾ ഒന്നുമില്ലാതിരുന്ന കെ. ഐ. പോൾ കത്തനാർ സെമിനാരി വിദ്യാഭ്യാസത്തിൽ തന്റെ ജ്ഞാനതൃഷ്ണ അവസാനിപ്പിക്കാൻ തയാറായില്ല. സെമിനാരി പഠത്തിനു ശേഷം കോട്ടയം സി.എം.എസ്. കോളേജിൽനിന്നും സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവുമെടുത്തു. മെത്രാൻ സ്ഥാനമോഹമൊന്നുമല്ലായിരുന്നു അതിനു പിന്നിൽ. എറണാകുളം സെന്റ് മേരീസ് പള്ളി അസി. വികാരിയായിരുന്ന കെ.ഐ. പോൾ കത്തനാരെ കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ,



പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വിളിച്ച് അടുപ്പിച്ചത് *ഓടിച്ചിട്ടു പിടിച്ചാണ്*! അവിടെനിന്നും പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ എന്ന സ്ഥാനത്തേക്ക് എങ്ങിനെ എത്തിച്ചേർന്നു എന്നത് മറ്റാരേക്കാളും നന്നായി ഈ ലേഖകനറിയാം.

അക്ഷരത്തിന്റെയും പഠനത്തിന്റെയും വേദന പ.പിതാവിന് നന്നായി അറിയാമായിരുന്നു. എസ്.എസ്.എൽ.സി. കഴിഞ്ഞ് തുടർന്നു പഠിപ്പിക്കാൻ മാർഗ്ഗമില്ലന്നു അറിയിച്ച പിതാവിന്റെ നിസഹായാവസ്ഥ. കൈത്താങ്ങേകിയ മാതുലന്റെ സഹായത്താൽ തൃശൂർ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി പഠനം. മാതുലൻ പ്രതിദിനം നൽകുന്ന ഒരു രൂപാ മൂലധനത്തിൽ 60 പൈസ വണ്ടിക്കൂലി. ബാക്കി നാല്പത് പൈസയ്ക്ക് നിലവാരം കുറഞ്ഞ ഹോട്ടലിൽ നിന്നും അരവയർ നിറയുന്ന *ജനതാ ഊണ്* എന്ന ഉച്ചഭക്ഷണം. ഇത് പഠന വൈഷമ്യത്തിന്റെ ഒരു ഏടു മാത്രം.

തുടർന്ന് ഭൗതികശാസ്ത്രം ഐശ്ചികവും ഗണിതശാസ്ത്രം ഉപവിഷയവുമായി തൃശൂർ സെന്റ് തോമസ് കോളേജിൽത്തന്നെ ബിരുദ പഠനം. കോളേജ് ഹോസ്റ്റലിൽ താമസിക്കാൻ സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാൽ തൃശൂർ പടിഞ്ഞാറേക്കോട്ട സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിവക ദരിദ്ര വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽ താമസം. ഹോട്ടലൂണിന് വകയില്ലാത്തതിനാൽ ഭക്ഷണം സ്വയം വെച്ചു കഴിച്ചു. വാരാന്ത്യത്തിൽ സ്വമാതാവ് തയാറാക്കി നൽകുന്ന അച്ചാറായിരുന്നു മുഖ്യ ഉച്ചഭക്ഷണം. എന്നിട്ടും പ്രതിമാസ ഹോസ്റ്റൽ ഫീസായ പത്തുരൂപ നൽകാൻ മാർഗ്ഗമില്ല.

ഈ ബുദ്ധിമുട്ട് മനസിലാക്കിയ ഹോസ്റ്റൽ വാർഡൻ കടവിൽ പൗലൂസ് ജഡ്ജി ഒരു നിർദ്ദേശം വെച്ചു. വാടക ഇളവുചെയ്യാം. പകരം രാവിലെയും വൈകിട്ടും പള്ളിയിൽ എണ്ണ വിളക്ക് തെളിയിച്ച് നമസ്ക്കാരം നടത്തണം. പോൾ സന്തോഷപൂർവം നിർദ്ദേശം സ്വീകരിച്ചു. അങ്ങിനെ കെ. ഐ. പോൾ *പ്രാർത്ഥിച്ച്* തന്റെ ഡിഗ്രി പഠനം പൂർത്തിയാക്കി. അവിടെനിന്നും പഴയ സെമിനാരിയിലേയ്ക്ക്.

ഇപ്രകാരം കഷ്ടപ്പെട്ടു പഠിച്ച പ. പിതാവിന് പഠനത്തിന്റെയും ഡിഗ്രികളുടേയും എഴുത്തിന്റെയും വില അറിയാമായിരുന്നു. അവയ്ക്കു പിന്നിലെ കഷ്ടപ്പാടും. വെറുതെ പേരിനു മുമ്പിൽ *ഡോ.* ചാർത്തി നടക്കുന്നവരെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന മനോഭാവം 2015-ൽ സെറാംമ്പൂർ യൂണിവേഴ്സിറ്റി തനിക്കു വെച്ചുനീട്ടിയ ഹോണററി ഡോക്ടറേറ്റ് നിരസിച്ചതിൽ നിന്നും മനസിലാക്കണം. ഇന്ത്യയിലെ റോമൻ കത്തോലിക്കാ ഇതര വൈദീക സെമിനാരികളെല്ലാം അഫിലിയേറ്റ് ചെയ്തിട്ടുള്ള സെറാമ്പൂർ യൂണിവേഴ്സിറ്റി നൽകാൻ തീരുമാനിച്ച ഡോക്ടറേറ്റ് അദ്ദേഹം നിരസിച്ചതിന്റെ കാരണമാരാഞ്ഞ ഈ ലേഖകനോട് പ. പിതാവ് പറഞ്ഞത് *എനിക്കതിന് യോഗ്യതയില്ല* എന്നാണ്. അതിനു വിശദീകരണവും അദ്ദേഹം നൽകി. *കുട്ടി... നിന്റേതു പോലെ കഷ്ടപ്പെട്ട് പഠിച്ചുണ്ടാക്കിയ ഒരു ഡോക്ടറേറ്റ് എനിക്കുണ്ടായിരുന്നെങ്കിൽ ഞാനിതു സ്വീകരിച്ചേനെ. പക്ഷേ എനിക്കതില്ല.*

തന്റെ പേരിനു മുമ്പിൽ ഇല്ലാത്ത *ഡോ.* വെക്കാൻ താല്പര്യമില്ല എന്നു ചുരുക്കം.

എന്നാൽ പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന തന്റെ കൊച്ചുമക്കളെ അനുമോദിക്കാൻ അദ്ദേഹത്തിനു സന്തോഷമായിരുന്നു. വെറും വാക്കാലുള്ള അനുമോദനമല്ല; പ.പരുമല തിരുമേനിയുടെ രൂപം കൊത്തിയ ഒരു മുദ്ര യാണ് അവർക്ക് സമ്മാനിക്കുക. അതു വെറും *പൂച്ചുമെഡൽ* അല്ല. സ്വന്ത ചിലവിൽ കേരള ത്തിലെ ഒരു പ്രമുഖ ജൂവലറി നിർമ്മിച്ച് ഹാൾ മാർക്ക് സർട്ടിഫൈ ചെയ്ത രണ്ടു ഗ്രാമിന്റെ ഒന്നാന്തരം പത്തരമാറ്റ് സ്വർണ്ണത്തിൽ തീർത്ത മെഡൽ! കൂട്ടത്തിൽ ഒരു ഉപദേശവും: *കുട്ടി... നന്നായി പഠിക്കണേട്ടോ.* ഇത് നേടാൻ ഭാഗ്യം ലഭിച്ച അനേകരുണ്ട്. സ്വീകർത്താക്കൾ ഒഴികെ ആരും അറികയില്ലാ എന്നു മാത്രം.

ഇതു മാത്രമല്ല, ബാലപ്രതിഭകളെ ഓർ ത്തിരുന്നു അനുമോദിക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. ഒരു നാലാംക്ലാസ് വിദ്യാർ ത്ഥിനിയുടെ ആദ്യ പുസ്തകം പ്രകാശനം ചെയ്തത് പ.പിതാവാണ്. രണ്ടു വർഷത്തിനു ശേഷം ആ സമർത്ഥയുടെ അടുത്ത കൃതി പ്രസി ദ്ധീകരിച്ച വിവരമറിഞ്ഞ അദ്ദേഹം, അനുമോദന സൂചകമായി ഒരു സ്മാരക മുദ്ര ആ കുട്ടിക്ക് കൊടുത്തുവിട്ടു.

വായനയാണ് തനിക്ക് ഏറ്റവും ഇഷ്ട മെന്നും എന്നാൽ ജോലിത്തിരക്കുമൂലം ഇപ്പോൾ അതിനു സാധിക്കുന്നില്ലന്നും ഒരു ദശാബ്ദം മുമ്പ് പ. പിതാവ് പറഞ്ഞെങ്കിലും സമീപകാലം വരെ നന്നായി വായിക്കുമായിരുന്നു എന്ന് ഈ ലേഖകനറിയാം. ഈ ലേഖകന്റെതന്നെ ചില രചനകളിലെ സൂക്ഷ്മാംശങ്ങൾ ഉദ്ധരിച്ച് അമ്പരിപ്പിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. തനിക്കു ലഭിക്കുന്ന ഒരു പുസ്തകം പോലും ഒരു വിധത്തിലും കൈമോശം വരുത്തു കയുമില്ലായിരുന്നു.

ലോകത്തിൽ വച്ച് ഏറ്റവും വലിയ യൂണി വേഴ്സിറ്റി നമ്മുടെ വീടാണ്. അവിടെ നിന്നും നമുക്ക് ലഭിക്കുന്ന ഒത്തിരി അറിവുകളുണ്ട്. അതിനേക്കാൾ വലിയ പാഠങ്ങൾ ലോകത്തിൽ എവിടെനിന്നും ലഭിക്കുകയില്ല... ഇതായിരുന്നു മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയന്റെ വിദ്യാഭ്യാസ ദർശനം. വീട്ടിലെ ചിട്ടകളും സ്വന്ത പഠനത്തിന്റെ വേദനയും പ.പിതാവിനെ ഉയർത്തിയത് അക്ഷരത്തെ സ്നേഹിക്കുകയും വിദ്യയെ ബഹുമാനിക്കുകയും ചെയ്യുന്ന ഒരു തലത്തിലേയ്ക്കാണ്. അപൂർവം ചിലർക്കു മാത്രം ലഭ്യമാകുന്ന സിദ്ധി.



സ്നേഹനിധിയായ
വലിയ ഇടയൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയെ കണ്ടു സഹായങ്ങൾക്കായി എത്തുന്നവരെയെല്ലാം നേരിൽ കാണുന്നില്ലെങ്കിലും അവരുടെ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് വേണ്ട സഹായങ്ങൾ ചെയ്യാൻ പരിശുദ്ധ ബാവ തന്റെ ഓഫീസിലുള്ളവരോട് നിർദേശിച്ചിട്ടുണ്ട്. ചികിത്സാ സഹായത്തിനും വീട് നിർമ്മാണത്തിനും വിവാഹ സഹായത്തിനുമായി എത്തുന്ന എല്ലാവരെയും മലങ്കരസഭയുടെ വലിയ ഇടയൻ തന്നാൽ കഴിയുന്ന വിധം ചേർത്തു നിർത്തും. നിർദ്ധന കർഷക കുടുംബ



ത്തിൽ ജനിച്ച ബാവായ്ക്ക് സാധാരണക്കാരന്റെ പ്രയാസങ്ങൾ വേഗം മനസ്സിലാക്കാൻ സാധിച്ചിരുന്നു. തന്റെ കയ്യിലുള്ള പണം സഭയുടേതാണെന്നും അത് സഭയുടെ നന്മയ്ക്കും, മനുഷ്യരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയാണെന്നും ഉള്ള വീക്ഷണമായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ഉണ്ടായിരുന്നത്.

സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്കു വേണ്ടി ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ ആരും അറിയരുതെന്ന് ആത്മാർത്ഥമായ ആഗ്രഹം അദ്ദേഹത്തിനുണ്ട്. അനാഥരോട് പരിശുദ്ധ പിതാവ് കാണിക്കുന്ന കരുതൽ ആരെയും അമ്പരപ്പിക്കും. സെറിബ്രൽ പാൾസി ബാധിച്ച കോഴിക്കോട് സ്വദേശി അനുഗ്രഹിന്റെയും സഹപാഠി ബിസ്മിയുടെയും അപൂർവ്വ സൗഹൃദത്തിന്റെ കഥ മാധ്യമങ്ങളിൽ കൂടെ കേട്ടറിഞ്ഞ പരിശുദ്ധ ബാവ അവരെ കാണാൻ പോയതും സഹായങ്ങൾ നൽകിയതുമെല്ലാം ആ വലിയ ഇടയനു സമൂഹത്തോടുള്ള കരുതലിന്റെ ഉദാഹരണമാണ്.

പരിശുദ്ധ ബാവായുടെ നിർദ്ദേശപ്രകാരം സഭയുടെ മാനവശാക്തീകരണ വിഭാഗവും ഐക്കൺ ചാരിറ്റീസും സംയുക്തമായി ചേർന്ന് എല്ലാ വർഷവും ജാതിമതഭേദമന്യേ 600ൽ പരം വിദ്യാർത്ഥിൾക്ക് നൽകിവരുന്ന 70 ലക്ഷം രൂപായുടെ സ്കോളർഷിപ്പ് പരിശുദ്ധ ബാവായ്ക്ക് വിദ്യാർത്ഥികളോടുള്ള സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അടയാളമാണ്. കൊല്ലം നല്ലിലയിൽ ആശുപത്രിയുടെ മുകളിൽ നിന്ന് ചാടി ആത്മഹത്യ ചെയ്ത റോജി റോയി എന്ന പെൺകുട്ടിയുടെ ബധിരരും മൂകരുമായ മാതാപിതാക്കളുടെ ആജീവനാന്ത സംരക്ഷണത്തിനായി ഐക്കൺ ചാരിറ്റീസിന്റെ സഹകരണത്തോടെ ബാങ്കിൽ 16 ലക്ഷം രൂപ സ്ഥിര നിക്ഷേപം നടത്തിയതും പരിശുദ്ധ പിതാവിന്റെ നിർദ്ദേശപ്രകാരമാണ്.

പരിശുദ്ധ ബാവാ തിരുമേനി തന്നെ മുൻകൈയെടുത്തു ആരംഭിച്ചതാണ് **സ്നേഹസ്പർശം കാൻസർ കെയർ പദ്ധതി**. കാൻസർ ബാധിതരുടെ പരിപാലനത്തിനായി ആരംഭിച്ച ഈ പദ്ധതിയിലൂടെ പ്രതി വർഷം 100ൽ പരം

പരിശുദ്ധ ബാവാ തിരുമേനി തന്നെ മുൻകൈയെടുത്തു ആരംഭിച്ചതാണ് **സ്നേഹസ്പർശം കാൻസർ കെയർ പദ്ധതി**. കാൻസർ ബാധിതരുടെ പരിപാലനത്തിനായി ആരംഭിച്ച ഈ പദ്ധതിയിലൂടെ പ്രതി വർഷം 100ൽ പരം ആളുകൾക്ക് സഹായം ലഭിക്കുന്നുണ്ട്. നിർദ്ധനരായ നിരവധി കാൻസർ രോഗികൾക്ക് ആശ്വാസമാണ് ഈ പദ്ധതി. ഡയാലിസിസ് ആൻഡ് ലിവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിയായ **സഹായ ഹസ്തത്തിലൂടെ** നിർദ്ധനരായ നിരവധി രോഗികൾക്ക് സഹായം എത്തിക്കുന്നു.

ആളുകൾക്ക് സഹായം ലഭിക്കുന്നുണ്ട്. നിർദ്ധനരായ നിരവധി കാൻസർ രോഗികൾക്ക് ആശ്വാസമാണ് ഈ പദ്ധതി. ഡയാലിസിസ് ആൻഡ് ലിവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിയായ **സഹായ ഹസ്തത്തിലൂടെ** നിർദ്ധനരായ നിരവധി രോഗികൾക്ക് സഹായം എത്തിക്കുന്നു.

കർഷകരുടെ ഉന്നമനത്തിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുകയും അതിനു വേണ്ടതായ സാമ്പത്തിക സഹായം നൽകുകയും ചെയ്തു. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ തിരുമേനി സഭാ വക പുരയിടങ്ങളിൽ വൃക്ഷ തൈകൾ വച്ച് പിടിപ്പിക്കാൻ ആഹ്വാനം ചെയ്തു.

സാമ്പത്തിക പ്രയാസം നേരിടുന്ന സഭയിലെ വിധവകൾക്ക് പ്രതിമാസ പെൻഷൻ നൽകുകയും കോവിഡ് ബാധിച്ച് മരിച്ച സഭാംഗങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. അനേകരുടെ കണ്ണീരൊപ്പിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജീവിതം യഥാർത്ഥ ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രതിബിംബമായിരുന്നു.



ഡോ. ജോർജ്ജ് വർഗീസ് കൊപ്പാറ
മലങ്കര സഭാ മാനേജിങ് കമ്മറ്റി അംഗം



മാനവികതയുടെ മറുവാക്കായ മഹായിടയൻ

അഭയം തേടിയെത്തുന്നവർക്ക് ആശ്വാസമേകുന്ന ആചാര്യ ശ്രേഷ്ഠൻ. നാട്യങ്ങളില്ലാത്ത നന്മമരം. മലങ്കരസഭയുടെ ഐക്യത്തിനായി ആത്മാർത്ഥമായി ആഗ്രഹിച്ച ആത്മീയാചാര്യൻ, അതിനായി നിലപാടുകളിൽ കാർക്കശ്യം പുലർത്തിയ ഭരണകർത്താവ്, ഇതെല്ലാമായിരുന്നു കാലം ചെയ്ത പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി.

സാംസ്കാരിക പൈതൃകം പേറുന്ന തൃശ്ശൂരിന്റെ ഉൾനാടൻ പ്രദേശമായ കുന്നംകുളത്തിന്റെ എല്ലാ സ്വഭാവ സവിശേഷതകളുമുള്ള വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്. അദ്ദേഹത്തെ അടുത്തറിഞ്ഞവരല്ലാം ആ സ്വാഭാവത്തിന്റെ നൈർമ്മല്യവും നിഷ്കളങ്കതയും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അതേസമയം ആത്മീയ ജീവിതത്തിന്റെ ഒരു പാഠപുസ്തകം കൂടിയായിരുന്നു തിരുമേനി. സംഘർഷം നിറഞ്ഞ അവസരങ്ങളിലും അക്ഷോഭ്യനായി മാത്രമെ തിരുമേനിയെ കാണുവാൻ സാധിച്ചിരുന്നുള്ളു. പരീക്ഷണ കാലഘട്ടങ്ങളിൽ, കോട്ടയം ഞാലിയാകുഴി ദയറായിൽ ദിവസങ്ങളോളം ബാവ മൗനവൃതത്തിലാവാറുണ്ട്. ഇതിൽ അദ്ദേഹത്തിന്റെ ഗുരു, കാലം ചെയ്ത ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനിയായിരുന്നു.

വലിയ ഏച്ചുകെട്ടുകളില്ലാതെ സംസാരിക്കുന്ന, എല്ലാവരോടും തുറന്ന മനസ്സോടെ ഇടപെടുന്ന ബാവ എല്ലാവരെയും ഒരുപോലെ തന്റെ സ്നേഹ വലയത്തിനുള്ളിൽ ചേർത്തു നിർത്താൻ ശ്രദ്ധിച്ചിരുന്നു. തന്റെ മുമ്പിലെത്തുന്നവരുടെ വലിപ്പച്ചെറുപ്പം നോക്കിയല്ല തിരുമേനി അവരെ സ്വീകരിച്ചിരുന്നത്. ഒരിക്കൽ പരിചയപ്പെട്ടവരുടെ പേര് ഓർത്തിരിക്കുകയും ഒരു നല്ല സുഹൃത്തിനെപ്പോലെ ഹൃദയം തുറന്നു സംസാരിക്കുകയും ചെയ്യുമായിരുന്നു. സംഭാഷണങ്ങളിൽ അദ്ദേഹം വാചാലനാകുമ്പോൾ ഒരു ശുദ്ധമാനസന്റെ നാട്യങ്ങളില്ലാത്ത പ്രകൃതം ദൃശ്യമായിരുന്നു. എളിയവനായി, ദാസനായി വർത്തിക്കുക എന്ന ക്രിസ്തീയ ദർശ്ശനം സ്വാംശീകരിച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. കൃത്യനിഷ്ഠയായിരുന്നു തിരുമേനിയുടെ ഏറ്റവും വലിയ സവിശേഷത. അതു

പോലെതന്നെ പങ്കെടുക്കുന്ന ചടങ്ങുകൾ നിശ്ചി ത സമയത്തു തന്നെ തീർക്കണമെന്നുള്ളതും തിരുമേനിക്കു നിർബന്ധമായിരുന്നു.


വൈദികൻ സമയനിഷ്ഠ പാലിക്കണമെന്ന് അദ്ദേഹം എപ്പോഴും ഓർമ്മിപ്പിച്ചിരുന്നു. തീർത്തും ലളിതമായിരുന്നു ആ ജീവിതം. ഇത്ര വലിയ ഔന്നത്യത്തിലും ഒരു മനുഷ്യൻ അനുഷ്ഠിക്കുന്ന ലാളിത്യം കാണുമ്പോൾ നമുക്ക് കൗതുകം തോന്നും. ചെറുപ്പ കാലത്തു അനുഭവിച്ച ബുദ്ധിമുട്ടുകളെപ്പറ്റി പറയാൻ അദ്ദേഹത്തിന് ഒരു മടിയും ഇല്ലായിരുന്നു. കുന്നംകുളത്തു എത്തുമ്പോൾ ആദ്യം പറയും ഇത് സൂപ്പർ ഫാസ്റ്റല്ല, ഓർഡിനറിയാണെന്ന്. വലിയ പദവിയുടെ തിരക്കോ മാഹാത്മ്യങ്ങളോ കാട്ടാത്ത ഒരു സാധാരണ കുന്നംകുളത്തുകാരനായിരുന്നു അദ്ദേഹം.

പാവങ്ങളോടും നിരാലംബരോടും അദ്ദേഹം കാണിച്ച കരുതൽ എടുത്തു പറയേണ്ടത് തന്നെയായിരുന്നു. സഹോദരന്റെ സങ്കടത്തിൽ പങ്കുചേരണമെന്ന ആശയം മുൻനിർത്തിയാണ് അദ്ദേഹം നിർദ്ധനരായ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന ***സ്നേഹ സ്പർശം*** എന്ന പദ്ധതിക്ക് തുടക്കമിട്ടത്. കാൻസർ രോഗികൾക്കു പരിചരണം നൽകുന്നതിന് കേരളത്തിൽ നല്ല ഒരു കാൻസർ സെന്ററുണ്ടാകണമെന്ന അദ്ദേഹത്തിന്റെ ഉത്കർഷമായ ആഗ്രഹത്തിൽ നിന്നുദിച്ചതാണ് പരുമല റീജിയണൽ ക്യാൻസർ സെന്റർ. തിരുമേനിക്ക് കാൻസർ രോഗം പിടിപെട്ടപ്പോൾ ലോകത്തെവിടെയും കൊണ്ടുപോയി ചികിത്സിപ്പിക്കുവാൻ സഭാമക്കൾ സന്നദ്ധമായിരുന്നു. അദ്ദേഹം പറഞ്ഞു 'പരുമല തിരുമേനിയുടെ മുമ്പിലാണ് ഞാൻ നിൽക്കുന്നത്, പരുമലപ്പള്ളി എന്റെ അടുത്തുണ്ട് എന്റെ അസുഖത്തെകുറിച്ചു ആരും ആകുലപ്പെടേണ്ട, പരുമല തിരുമേനി നോക്കിക്കൊള്ളും അങ്ങനെ താൻ പരിപോഷിപ്പിച്ച, പരുമല തിരുമേനിയുടെ സജീവ സാന്നിധ്യമുള്ള പരുമല ആശുപത്രി തന്നെ മതിയെന്ന് ശഠിച്ചു. സഭയുടെ ഭവനദാന പദ്ധതിയിൽ ആദ്യം തന്നെ തിരുമേനിയുടെ കുന്നംകുളത്തുള്ള വസ്തുക്കളെല്ലാം ദാനമായി കൊടുത്തിരുന്നു. എല്ലാ ജന്മദിനത്തിലും ഒന്നിലധകം വീടുകൾ അദ്ദേഹം നിർമ്മിച്ച് ജാതി മത ഭേദമെന്യേ കൊടുത്തിരുന്നു. സാന്ത്വനം സ്പെഷ്യൽ സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും, മഞ്ഞപ്രയിലെ ബാലിക ഭവനത്തിലെ കുഞ്ഞുങ്ങൾക്കുമൊപ്പമായിരുന്നു അദ്ദേഹം ജന്മദിനം ചിലവിട്ടിരുന്നത്. ഒരാളുമായി അടുപ്പത്തിലായാൽ തിരുമേനി ആ സൗഹൃദം ഊഷ്മളായി നിലനിർത്താൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു.


നാട്യങ്ങളില്ലാത്ത, നിഷ്കളങ്കനായ മഹായിടയൻ എന്ന വിശേഷണമാണ് അദ്ദേഹത്തിനു ജനമനസ്സുകളിൽ പ്രതിഷ്ഠ നേടാൻ സഹായിച്ചത്.

പരിശുദ്ധ ബാവാ തിരുമേനി എഴുതിയ പുസ്തകങ്ങൾ









ഡോ. ഐസക് പാമ്പാടി
ജനറൽ സെക്രട്ടറി
ആർദ്ര, ദേവലോകം

ആർദ്രമാനസനായ പിതാവ്

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക സേവന വിഭാഗമാണ് ആർദ്ര ചാരിറ്റബിൾ സൊസൈറ്റി, ദേവലോകം. ഭാഗ്യ സ്മരണഹനായ പരി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ഉദാത്തമായ ജീവിത ദർശനത്തിന്റെ ഫലമായി സഭയിൽ 2001 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ജീവകാരുണ്യ പ്രസ്ഥാനമാണ് ആർദ്ര. സഭയുടെ സേവന മുഖം ആർദ്രയിലൂടെ സമൂഹത്തിന് ദൃശ്യമാകണമെന്നായിരുന്നു ആർദ്രയുടെ രക്ഷാധികാരിയായ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവയുടെ കാഴ്ചപ്പാട്. ഓരോ വർഷവും ആർദ്രയുടെ തെരഞ്ഞെടുപ്പിനു ശേഷം ഭാരവാഹികൾക്കുള്ള അംഗീകാര കല്പന ദിവസങ്ങൾക്കുള്ളിൽ തിരുമേനി നൽകുമായിരുന്നു. ഈ വർഷവും അംഗീകാര കല്പന ജൂൺ 14-ാം തീയതി പരുമല ആശുപത്രിയിൽ നിന്ന് തിരുമേനി ഒപ്പിട്ട് നൽകി. കൂടാതെ കമ്മറ്റിയിലേക്ക് 10 അംഗങ്ങളെ അന്നു തന്നെ തിരുമേനി നോമിനേറ്റ് ചെയ്തു നൽകി. ആർദ്രയുടെ പ്രവർത്തനത്തിലുള്ള തിരുമേനിയുടെ താല്പര്യമാണ് ഇത് വെളിവാക്കുന്നത്.

2013 സെപ്തംബറിലാണ് ഞാൻ ആർദ്രയുടെ സെക്രട്ടറിയായി ചുമതല ഏൽക്കുന്നത്. ആദ്യവർഷം തന്നെ അവയവ ദാന ബോധവത്ക്കരണ യജ്ഞം ആർദ്രയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചു. ഈ പദ്ധതിയുടെ ഉദ്ഘാടനം കോട്ടയം ബസേലിയോസ് കോളേജിൽ ചേർന്ന സമ്മേളനത്തിൽ വച്ച് പരിശുദ്ധ ബാവാ തിരുമേനി നിർവ്വഹിച്ചു. കേരള സമൂഹത്തിൽ ശ്രദ്ധേയമായ സ്വാധീനം ഈ പദ്ധതിക്ക് ചെലുത്തുവാൻ കഴിഞ്ഞു. കേരള സംസ്ഥാന ഓർഗൻ ഡോണേഴ്സ് അസ്സോസിയേഷൻ ഏർപ്പെടുത്തിയ സംസ്ഥാന "ഗ്രീൻ റിബ്ബൺ അവാർഡ് 2015" ആർദ്രക്ക് ലഭിക്കുകയുണ്ടായി. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയിൽ നിന്നും ഈ അവാർഡ് ഏറ്റുവാങ്ങുവാൻ എനിക്ക് സാധിച്ചു.

പരിശുദ്ധ പിതാവിന്റെ അനുവാദത്തോടും ആശീർവാദത്തോടും കൂടെ നിരവധി പദ്ധതികൾ ആർദ്ര ആരംഭിച്ചു. അതിൽ പ്രധാനപ്പെട്ടവ ഇവ ആയിരുന്നു.

ആർദ്ര അന്നദാനം (കുടുംബ സംരക്ഷണ പദ്ധതി)

2018 സെപ്തംബറിൽ ആരംഭിച്ച ഈ പദ്ധതി ആർദ്രയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ജീവകാരുണ്യ പദ്ധതിയാണ്. ഓരോ മാസവും തീർത്തും നിർദ്ധനരായ കുടുംബങ്ങൾക്ക് ആവശ്യമായ അരിയും മറ്റ് സാധനങ്ങളും വീടുകളിൽ എത്തിച്ച് കൊടുക്കുന്നു.

വിദ്യാഭ്യാസ ദത്തെടുക്കൽ പദ്ധതി

ഉന്നത വിദ്യാഭ്യാസം നടത്തുന്ന സമർത്ഥരും നിർദ്ധനരുമായ കുട്ടികളുടെ ട്യൂഷൻ ഫീസ് നൽകി അവരെ ദത്തെടുക്കുന്ന പദ്ധതിയാണിത്. സുമനസ്സുള്ള നിരവധി വ്യക്തികൾ സ്പോൺസേഴ്സ് ആയി കടന്നുവരുന്നുണ്ട്.

മണവാട്ടിക്കൊരു പുടവ (വിവാഹ ഡ്രസ് നൽകുന്ന പദ്ധതി)

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിരവധി സാധുക്കൾ വിവാഹ ഡ്രസ്സിനുവേണ്ടി ആർദ്ര ഡ്രസ്സ് ബാങ്കിൽ എത്തുകയുണ്ടായി. ഇവർക്ക് പഴയ വസ്ത്രങ്ങൾ നൽകാതെ പുതിയവ വാങ്ങി നൽകാൻ പ.ബാവാ തിരുമേനി നിർദ്ദേശിച്ചു. അതിനായി ആരംഭിച്ച പദ്ധതിയാണ് 'മണവാട്ടിക്കൊരു പുടവ' മണവാട്ടിക്ക് വിവാഹത്തിന് ധരിക്കുവാനുള്ള സാരിയും അനുബന്ധ വസ്ത്രങ്ങളും വാങ്ങി നൽകുന്ന ഈ പ്രൊജക്ട് വിജയകരമായി നടന്നു വരുന്നു.

വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, മൊബൈൽ വിതരണം

ഓൺലൈൻ വിദ്യാഭ്യാസ സഹായമായി അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും മൊബൈൽ ഫോണുകളും വിതരണം ചെയ്തു വരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് (cmdrf) ഒരു ലക്ഷം രൂപാ വാക്സിൻ ചലഞ്ചിന്റെ ഭാഗമായി നൽകി.


ആർദ്രാ ക്ലിനിക്ക്

എല്ലാ മാസത്തിലേയും അവസാന വ്യാഴാഴ്ച ആർദ്ര ക്ലിനിക്ക് ആർദ്രാ ആഫീസിൽ നടന്നു വന്നിരുന്നു. കോവിഡ് പശ്ചാത്തലത്തിൽ ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്.

പരിശുദ്ധ ബാവാ തിരുമേനിയുടെ വിയോഗ വാർത്തയിൽ (മനോരമ) ആർദ്രയുടെ പ്രവർത്തനത്തെ 'കാരുണ്യ പ്രവർത്തനങ്ങളുടെ നാഥൻ' എന്ന തലക്കെട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

അംഗങ്ങളുടെ സംഭാവനയും സ്പോൺസർഷിപ്പുമാണ് ആർദ്രയുടെ വരുമാനം. താല്പര്യമുള്ളവർ അംഗത്വം എടുത്തും സ്പോൺസർഷിപ്പും നൽകിയും ആർദ്രയുടെ പ്രവർത്തനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

'മനസ്' മാസികയുടെ അസ്സോസിയേറ്റ് എഡിറ്റർ ജോൺസൺ കീപ്പള്ളിൽ ആർദ്രയുടെ പുതിയ ട്രഷറാർ ആണ്. മനസ്സ് മാസിക പ്രസിദ്ധീകരിച്ചത് പ. ബാവാ തിരുമേനി ആദ്യകോപ്പി സ്വീകരിച്ചാണ്.



Website : www.mosc.in
E-mail : catholicos@mosc.in

Telephone : 0481-2574323, 2578500
Fax : 0481-2570569

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA PAULOSE II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

No. MOSC/CMM/111/2021 **June 14, 2021**

കർത്താവിൽ നമ്മുടെ ആർദ്ര ചാരിറ്റബിൾ സൊസൈറ്റി പ്രസിഡണ്ട് അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്തായ്ക്ക് സമാധാനം!

സ്നേഹമുള്ള ആബൂനെ,
2021 ജൂൺ മാസം 04-ാം തീയതി വെള്ളിയാഴ്ച കൂടിയ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗ തീരുമാനപ്രകാരം പ. സഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ 2021 - 2022 വർഷത്തേയ്ക്കുള്ള ഭരണസമിതി അംഗങ്ങളായി താഴെ പറയുന്നവരെ നാം നിയമിച്ചിരിക്കുന്നു.

സമിതിയംഗങ്ങൾ

1. അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്താ (പ്രസിഡണ്ട്)
2. അഡ്വ. ഡോ. ഐസക് പി. എബ്രഹാം, പറമ്പുകാട്ടിൽ (സെക്രട്ടറി)
3. ശ്രീ. ജോൺസൺ കീപ്പള്ളിൽ (ട്രഷറർ)
4. ഫാ. കെ. വൈ. വിൽസൺ മണലേത്ത്, കല്ലൂപ്പാറ
5. ഫാ. വർഗീസ് മേക്കാട്ട്
6. ശ്രീ. തോമസ് കുതിരവട്ടം, കല്ലിശ്ശേരി
7. ശ്രീ. ഐ. സി. തമ്പാൻ, വടക്കേപ്പറമ്പിൽ, മാങ്ങാനം
8. ശ്രീ. മോനി കല്ലമ്പറമ്പിൽ
9. ശ്രീ. റോയി തോമസ്, ഐക്കരമറ്റത്തിൽ
10. ശ്രീമതി മറിയാമ്മ വർഗീസ് പൊന്നാത്തുശ്ശേരിൽ

നമ്മുടെ കാതോലിക്കേറ്റ് ഓഫീസ് ഡെപ്യൂട്ടി സെക്രട്ടറി (ഫിനാൻസ്) ശ്രീ. റ്റി. ജോൺ മത്തായി ഈ സമിതിയിലെ പ്രത്യേക ക്ഷണിതാവായിരിക്കും.

കർത്താവിൽ നമ്മുടെ സ്നേഹം

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

പകർപ്പ് :
1. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി
2. അസോസിയേഷൻ സെക്രട്ടറി
3. സമിതിയംഗങ്ങൾ
4. ശ്രീ. റ്റി. ജോൺ മത്തായി



ഡോ. സിബി തരകൻ

ആ നിർമ്മല മന്ദഹാസം ഇനി ഓർമ്മയിൽ മാത്രം....

വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായം ആരംഭിക്കുന്നത് യേശു മലയിൽ കയറുന്ന ഒരു വാങ്മയ ചിത്രത്തോടെയാണ്.

അവിടെ നമ്മൾ ഇങ്ങനെ കാണുന്നു:

“അവൻ പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി. അവൻ ഇരുന്നശേഷം ശിഷ്യന്മാർ അടുക്കൽ വന്നു.

2 അവൻ തിരുവായ്മൊഴിഞ്ഞു അവരോടു ഉപദേശിച്ചതെന്തെന്നാൽ:

3 “ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു.

4 ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും.

5 സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.

6 നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തിവരും.

7 കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.

8 ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.

9 സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.

10 നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്‘.

പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ കാതോലിക്ക ബാവായെക്കുറിച്ചു ഓർക്കുമ്പോൾ ഈ സുവിശേഷ ഭാഗമാണ് എപ്പോഴും ഓർമ്മയിൽവരുന്നത്.

പരിശുദ്ധ ബാവാതിരുമേനി സമാധാനം ഉണ്ടാക്കുവാൻ ആഗ്രഹിച്ചവനും നീതി നിമിത്തം ഉപദ്രവിക്കപ്പെട്ടവനും കരുണയും ഹൃദയശുദ്ധിയും ഉള്ളവനും സൗമ്യതയുള്ളവനും നീതിക്കായി വിശന്നു ദാഹിച്ചവനും ദുഃഖം ഉള്ളിലൊതുക്കി മന്ദഹസിച്ചവനും ആയിരുന്നു.

അതുകൊണ്ടുതന്നെ ഈ പരിശുദ്ധ പിതാവ് സ്വർഗ്ഗരാജ്യത്തിന് അവകാശിയായിരിക്കുന്നു.

സഭാ കേസിൽ 2017 ജൂലൈ 3-നുണ്ടായ സുപ്രീംകോടതിയുടെ അന്തിമവിധി സഭയിൽ സമാധാനം കൊണ്ടുവരുമെന്ന് തിരുമേനി വിശ്വസിച്ചു. എന്നാൽ നീതി ന്യായ വ്യവസ്ഥയെ ബഹുമാനിക്കാൻ സന്നദ്ധരല്ലാത്ത വിഘടിത വിഭാഗം ഭരണഘടന അംഗീകരിച്ച് സമാധാനമുണ്ടാക്കാൻ ആഗ്രഹിച്ചില്ല.

വ്യവഹാരങ്ങൾ നീട്ടിക്കൊണ്ടുപോകാനും രാഷ്ട്രീയ നേതൃത്വത്തെ പ്രലോഭിപ്പിച്ചും

ഭീഷണിപ്പെടുത്തിയും സമാധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കാനും അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

നീതിക്കായി വിശന്നു ദാഹിച്ച ഈ പിതാവ് നീതിനിമിത്തം ഉപദ്രവിക്കപ്പെടുകയും പരിഹാസ പാത്രമാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ആശ്രയം ദൈവവും നീതിന്യായ കോടതിയുമായിരുന്നു.

കരുണയും ഹൃദയശുദ്ധിയും സൗമ്യതയുമുള്ള ഈ പിതാവിന് എല്ലാവരും ദൈവമക്കളായിരുന്നു.

' ജാതി ഭേദവും മതദ്വേഷവും' ഈ പിതാവിന് അന്യമായിരുന്നു. അദ്ദേഹത്തിന്റെ സൗഹൃദയ വലയത്തിൽ എല്ലാ മതവിഭാഗത്തിലുമുള്ളവർ ഉണ്ടായിരുന്നു.

വലിയവരെന്നോ ചെറിയവരെന്നോ ഉള്ള വ്യത്യാസം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.

വേദശാസ്ത്രപാരംഗദൻ അല്ലായിരുന്നെങ്കിലും ദൈവം സ്നേഹമാണെന്നു അദ്ദേഹത്തിന് അറിയാമായിരുന്നു.

എത്ര തിരക്കുകളുണ്ടെങ്കിലും ആഴ്ചയിലൊരിക്കൽ അദ്ദേഹം ധ്യാനത്തിനും മനനത്തിനുമായി മാറ്റിവച്ചു.

അദ്ദേഹത്തിന്റെപ്രവർത്തനങ്ങൾ പോലെ ഓരോ പ്രസംഗവും പതുമയുള്ളതായിരുന്നു. അറിവില്ലായ്മകൊണ്ടു ചെയ്ത അബദ്ധങ്ങളുടെ പേരിൽ അദ്ദേഹം ആരെയും ശിക്ഷിച്ചതായി അറിവില്ല.എന്നാൽ അറിഞ്ഞുകൊണ്ടു ചെയ്ത അപരാധങ്ങൾ അദ്ദേഹം ക്ഷമിച്ചിരുന്നില്ല. സാമ്പത്തിക അച്ചടക്കം അദ്ദേഹത്തിന് നിർബന്ധമായിരുന്നു. പള്ളികളുടെയാണെങ്കിലും സ്ഥാപനങ്ങളുടെയാണെങ്കിലും വരവുചെലവ് കണക്കുകൾ കൃത്യമായി ഓഡിറ്റ് ചെയ്യുന്നതിനും പൊതുയോഗങ്ങളുടെ അനുമതിയോടെ സർക്കാരിന് സമർപ്പിക്കുന്നതിനും അദ്ദേഹം നിർബന്ധം കാണിച്ചു. അതുകൊണ്ടുതന്നെ പലർക്കുമുണ്ടായ നീരസം അദ്ദേഹം അവഗണിച്ചു.

രോഗികൾക്കും ആലംബഹീനർക്കും അദ്ദേഹത്തെ പ്രതീക്ഷയോടെ സമീപിക്കാമായിരുന്നു. സൗമ്യമായും കാരുണ്യത്തോടെയുമുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം ഹൃദയാവർജകവും സാന്ത്വനം നല്കുന്നതുമായിരുന്നു.

സഭ ഒരു 'സൗഖ്യദായക ശുശ്രൂഷ' (Healing Ministry)യാകണം എന്നു അദ്ദേഹം ആവർത്തിച്ചു പറഞ്ഞിരുന്നു. വേദനിക്കുന്ന ഹൃദയത്തെ ആശ്വസിപ്പിക്കുന്ന ശുശ്രൂഷ അദ്ദേഹത്തിന് മറ്റൊരു രഹസ്യ കൂദാശയായിരുന്നു. ആത്മഹത്യകളും അപകട മരണങ്ങളും ദുഃഖത്തിലാഴ്ത്തിയ കുടുംബങ്ങളെ അദ്ദേഹം വലിയ പബ്ലിസിറ്റിക്ക് ഇടകൊടുക്കാതെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു.

സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ ചുമതലയിൽ വിപാസ്സാന വൈകാരിക സഹായ കേന്ദ്രം ആരംഭിച്ചപ്പോൾ അതിന്റെ ചാലക ശക്തിയായി പ്രവർത്തിച്ചത് പരിശുദ്ധ ബാവാ തിരുമേനിയുടെ ഈ കരുതലാണ്.

വിപാസ്സനയുടെ പ്രവർത്തനങ്ങളെ അദ്ദേഹം സ്നേഹപൂർവ്വം പ്രോത്സാഹിപ്പിച്ചു. കോട്ടയം സ്റ്റുഡന്റ് സെന്ററിൽവച്ച് അതിന്റെ ഉദ്ഘാടനം നടത്തിയത് അദ്ദേഹമാണ്. വിപാസ്സനയുടെ പ്രവർത്തനത്തിലൂടെ 'ഒരു മനുഷ്യജീവൻ രക്ഷിക്കാൻ സാധിച്ചാൽ അത് ദൈവസന്നിധിയിൽ വിലയുള്ളതാണ്'എന്നു തിരുമേനി പ്രസ്താവിച്ചത് ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നു.

അദ്ദേഹത്തിന്റെ ഓർമ്മശക്തി അത്ഭുതകരമായിരുന്നു!

1995ലാണ് തിരുമേനിയെ പരിചയപ്പെടാൻ അവസരമുണ്ടായത്.അന്ന് അദ്ദേഹം കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായും ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമായിരുന്നു. യുവജന പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി ആയിരുന്ന ഫാ.ജോബ്സൺ കോട്ടപ്പുറത്തിന്റെ താല്പര്യമാണ് എന്നെ സെൻട്രൽ കമ്മിറ്റിയിലേക്ക് നയിച്ചത്. പ്രസിഡന്റായിരുന്ന പൗലോസ് മാർ മിലിത്തിയോസ് തിരുമേനിയുടെ കൽപ്പനകിട്ടി ആദ്യകമ്മിറ്റിക്ക് തിരുവല്ല ബഥനി അരമനയിൽ ചെല്ലുമ്പോൾ തിരുമേനി നേരത്തെതന്നെ എത്തിയിരുന്നു. സെൻട്രൽ കമ്മിറ്റിയിൽ പ്രസിഡന്റ് തിരുമേനി മിക്കവാറും ഒരു ശ്രോതാവായി ഇരിക്കുകയും അത്യാവശ്യ സന്ദർഭങ്ങളിൽ

മാത്രം ഇടപെടുകയും ചെയ്യുന്ന രീതിയായിരുന്നു.

നിരണം, കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി ഭദ്രാസനങ്ങളുടെ റീജിയണൽ സെക്രട്ടറിയായി യുവജന പ്രസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ തിരുമേനി ശ്രദ്ധിച്ചു. കോട്ടയം (പള്ളം സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി), നിരണം (തിരുവല്ല ബഥനി അരമന), കൊല്ലം (മാർ എപ്പിഫാനിയോസ് സെന്റർ, അടൂർ) ഭദ്രാസനങ്ങളിൽ നടത്തിയ സാഹിത്യ ശില്പശാലകളിൽ തിരുമേനി ഉദ്ഘാടകനായി പങ്കെടുത്ത് നേതൃത്വം നൽകി.

ഞാൻ ബാംഗ്ലൂർ എക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്ററിലേക്കും സാമ്പിയായിലെ മിൻഡോളോ എക്യുമെനിക്കൽ ഫൗണ്ടേഷനിലേക്കും പ്രവർത്തനം മാറികഴിഞ്ഞപ്പോൾ തിരുമേനിയുമായുണ്ടായിരുന്ന പഴയ ബന്ധം കാര്യമായി തുടരാൻ കഴിഞ്ഞില്ല.

പിന്നീട് 15 വർഷങ്ങൾക്കു ശേഷം വിപാസനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു ദേവലോകത്തു കാണാൻ ചെന്നപ്പോൾ ഇന്നലെ കണ്ടുപിരിഞ്ഞതുപോലെ ഈയുള്ളവനെ ഓർക്കുകയും പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയും സഹായങ്ങളും വാഗ്ദാനം ചെയ്യുകയുമുണ്ടായി.

തിരുമേനി സത്യത്തിൽ എന്നെ അത്ഭുതപ്പെടുത്തിക്കളഞ്ഞു!

ഒടുവിൽ കണ്ടത് കോവിഡിനു തൊട്ടു മുമ്പാണ്. വിപാസ്സനയുടെ ഇപ്പോഴത്തെ ഡയറക്ടറും തിരുമേനിയുടെ അടുത്ത സുഹൃത്തുമായ ഡോ.ജോസഫ് പി. വർഗീസ് സാറിനോടൊപ്പം പരുമല ആശുപത്രിയിൽ ചെന്നപ്പോൾ ഏറെ നേരം സംസാരിച്ചു. കൂടുതൽ സംസാരിക്കുന്നത് പ്രയാസമാകുമെന്നുകരുതി അരമണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾ കൈമുത്തി യാത്ര പറഞ്ഞു.

തിരുമേനി വീണ്ടും ആരോഗ്യത്തോടെ തിരികെയെത്തും എന്നായിരുന്നു എല്ലാവരെയുംപോലെ എന്റെയും പ്രതീക്ഷയും പ്രാർത്ഥനയും. പക്ഷെ ദൈവം തമ്പുരാന് തിരുമേനിയെക്കൊണ്ട് വേറെ ആവശ്യങ്ങൾ ഉണ്ടായിരുന്നു.

കാലം ചെയ്ത മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത ഒരിക്കൽ പറഞ്ഞതുപോലെ, നമ്മളാരും സ്വർഗത്തിൽ എത്തിയില്ലെങ്കിലും പരിശുദ്ധ ബാവാ തിരുമേനിക്ക് ദൈവം തമ്പുരാൻ അവിടെ സവിശേഷമായ ഒരു സ്ഥാനം കരുതിയിട്ടുണ്ട്!



ഔദ്യോഗിക ബഹുമതികളോടെ വിട....



സോമൻ ബേബി



ഓർമ്മയിൽ പരിശുദ്ധ കാതോലിക്ക ബാവ

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമന്റെ ദേഹവിയോഗം അക്ഷരാർത്ഥത്തിൽ നമ്മളെ ഒക്കെ വേദനിപ്പിക്കുകയാണ്. ഭാരതത്തിലെ ക്രൈസ്തവ സഭകളിൽ ഏറ്റവും പുരാതനമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ നയിച്ച വലിയ ഇടയന് വിട.

1972 ൽ വൈദീക പട്ടവും 1985 ൽ മെത്രാൻ പട്ടവും സ്വീകരിച്ച അദ്ദേഹം ഉന്നത സ്ഥാനീയനായിരുന്നിട്ടും സാധരണക്കാരിൽ സാധാരണക്കാരനായിരുന്നു. 36-ാം വയസ്സിൽ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന് ദൈവം തന്നോടൊപ്പമുണ്ടെന്നുള്ള ആത്മവിശ്വാസമായിരുന്നു കൈമുതൽ. 2010 ൽ കാതോലിക്ക സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മലങ്കര സഭയിൽ വിപ്ലവകരമായ കാൽവയ്പ് നടത്തിയാണ് ഭരണം സമാരംഭിച്ചത്. പള്ളി പൊതുയോഗങ്ങളിൽ 21 വയസ്സ് പൂർത്തിയായ വനിതകൾക്ക് പൂർണ്ണ പ്രാതിനിധ്യം നൽകികൊണ്ട് അദ്ദേഹം സഭയുടെ ഭരണഘടന ഭേദഗതി ചെയ്തു. സഭയിൽ നൈതീകമായ സമാധാനം ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുകയും അതിനായി അക്ഷീണം യത്നിക്കുകയും ചെയ്തു. പക്ഷേ സഭയ്ക്ക്

മാവേലിക്കരയിൽ പുണ്യശ്ലോകനായ പൗലോസ് മാർ പക്കോമിയോസിന്റെ ഓർമ്മ പെരുനാളിനോടനുബന്ധിച്ച് നടന്ന സമ്മേള ത്തിൽ മുഖ്യപ്രഭാഷണം നടത്താൻ ഇതിന്റെ ചുമ തലക്കാരൻ ആയിരുന്ന എബി ഫിലിപ്പിനെ യാണ് ക്ഷണിച്ചിരുന്നത്. അന്ന് പരിശുദ്ധ ബാവാ തിരുമേനിയുടെ സാന്നിധ്യം വളരെ അനുഗ്രഹ മായിരുന്നു. പരിശുദ്ധ ബാവാ തന്റെ ആമുഖ പ്രസംഗത്തിൽ എന്നെപ്പറ്റി പറഞ്ഞ നല്ല കാര്യ ങ്ങൾ ഞാനിന്നും സന്തോഷത്തോടെ ഓർക്കു ന്നു. അതിനുശേഷം ഞങ്ങൾ പ്രഭാത ഭക്ഷണ ത്തിന് ഇരുന്നു. എന്റെ ഭാര്യ എവിടെ എന്ന് പ. ബാവാ ചോദിച്ചു. ഉടൻ തന്നെ ഞാൻ ഷേർലി യെ വിളിച്ചു. വളരെ സന്തോഷത്തോടുകൂടി ഷേർലിയെ എന്റെ അടുത്തിരിക്കുവാൻ നിർബ ന്ധിച്ചു. ഒടുവിൽ ഞങ്ങൾ സന്തോഷത്തോടെ പ്രാതൽ പൂർത്തിയാക്കി. ഷേർലി ആ സന്തോഷ അനുഭവം ഇന്നും പലരോടും പങ്കുവയ്ക്കാറുമു ണ്ട്.

പരിശുദ്ധ ബാവയുടെ കാലത്ത് ലോക ത്തിലെ വിവിധ സഭകളുമായി ഊഷ്മളമായ ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞത് വലിയ നേട്ട മായി. നിലച്ചുപോയിരുന്ന സഭാന്തര ബന്ധങ്ങൾ പുന:സ്ഥാപിക്കുന്നതിന് അദ്ദേഹം ഉത്സാഹിച്ചു. ഫ്രാൻസിസ് മാർപാപ്പ ഉൾപ്പെടെ പല സഭാ തല വന്മാരുമായി കൂടി കാഴ്ച നടത്തി സഭയുടെ എക്യുമെനിക്കൽ സംരഭങ്ങളെ സജീവമാക്കുന്ന തിൽ പിതാവിനുണ്ടായിരുന്ന താല്പര്യവും വലു തായിരുന്നു.

പരുമല കാൻസർ സെന്റർ എന്ന സ്വപ്നപ ദ്ധതി പൂർത്തീകരിക്കാനും സാധുക്കളായ ഒട്ടേറെ രോഗികൾക്കു മെച്ചപ്പെട്ട ചികിത്സ നൽകാനും അദ്ദേഹത്തിനു കഴിഞ്ഞു. പ്രസിദ്ധ പിന്നണി ഗായിക കെ.എസ്. ചിത്ര ഈ പദ്ധ തിക്കു നൽകിയ പിന്തുണ ഒരിക്കലും മറക്കാൻ കഴിയില്ല..

ഹൃദയ സുതാര്യതയോടെയും സന്തോഷ ത്തോടെയും പ്രാർത്ഥനയോടെയും സഭയെ നയിച്ച വലിയ ഇടയന് ഞങ്ങൾ വിട നൽകു ന്നു. അനശ്വരവും ദീപ്തവുമായ സ്മരണകൾക്കു മുന്നിൽ ശിരസ് നമിക്കുന്നു..

അനുകൂലമായി ലഭിച്ച കോടതി വിധികൾ രാഷ്ട്രീയത്തിൽ മുങ്ങി സമാധാന ശ്രമങ്ങൾ മന്ദ ഗതിയിലായത് അദ്ദേഹത്തെ വേദനിപ്പിച്ചു. മാന സിക സ്വസ്ഥതയും ഏകാന്തതയും തേടി അദ്ദേഹം ഞാലിയാകുഴി ദയറായിലെത്തി മൗന വ്രതവും ധ്യാനവും ശീലിക്കുന്നതിൽ തുടർച്ച യായി ശ്രദ്ധിച്ചു.

മേലദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടു ക്കപ്പെട്ട ശേഷം അദ്ദേഹം ബഹറൈൻ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സന്ദർശിച്ചു. ഒരിക്കൽ അദ്ദേഹം ക്രൗൺപ്രിൻസ് ഹിസ് റോയൽ ഹൈനസ് പ്രിൻസ് സൽമാൻ ബിൽ ഹമദ് അൽവലിഫയെ സന്ദർശിക്കാൻ പോയത് ഞാനിപ്പോഴും ഓർക്കുന്നു. (ഇപ്പോൾ അദ്ദഹേം ക്രൗൺപ്രിൻസും പ്രധാനമന്ത്രിയുമാണ്) . അദ്ദേ ഹത്തെ ഞാൻ ക്രൗൺ പ്രിൻസിനു പരിചയപ്പെ ടുത്തി കൊടുത്തപ്പോൾ വളരെ സന്തോഷത്തോ ടെയാണ് സ്വീകരിച്ചത്. ബഹറൈൻ സെന്റ്മേ രീസ് ദേവാലയത്തിന് ഗവൺമെന്റിൽ നിന്ന് ലഭി ക്കുന്ന എല്ലാ സഹായങ്ങൾക്കും അദ്ദേഹം നന്ദി പറഞ്ഞു. പള്ളിക്ക് പഴയ അമീർ സ്ഥലം നൽകി യതും അതു വികസിപ്പിക്കുവാൻ ഇപ്പോഴത്തെ രാജാവ് സാമ്പത്തിക സഹായം നൽകയതു മൊക്കെ അദ്ദേഹം വിവരിച്ചു. വളരെ സന്തോ ഷപൂർവ്വം ഇതെല്ലാം കേട്ടശേഷം ഇനി ഭാവി യിൽ എന്ത് ആവശ്യമുണ്ടെങ്കിലും അദ്ദേഹത്തെ ധരിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. വളരെ സന്തോഷത്തോടെയാണ് പരിശുദ്ധ ബാവ യാത്രയായത്.

പിന്നീടൊരിക്കൽ ബഹ്റിനിൽ ഇന്റർനാഷ ണൽ ഡയലോഗ് സെഷനിൽ പങ്കെടുക്കാനും പരിശുദ്ധ ബാവാ എത്തി. ബോംബൈ ഭദ്രാസ നാധിപൻ ഗീവർഗ്ഗീസ് മാർ കൂറിലോസ്, മെത്രാ പ്പൊലീത്താ മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പലീത്ത ദിവംഗതനായ ഡോ. സഖറി യാസ് മാർ തെയോഫിലോസ്, ദിവംഗതനായ സ്വാമി അഗ്നിവേശ് തുടങ്ങിയവരുമുണ്ടയിരുന്നു. വിവിധ മതങ്ങളെ ഒരുമിച്ച് കാണാൻ ബഹ്റിൻ ചെയ്യുന്ന പ്രവർത്തനങ്ങളെ ശ്ലാഘിച്ചു കൊണ്ട് പരിശുദ്ധ ബാവാ ചെയ്ത പ്രസംഗം എല്ലാവരു ടെയും പ്രശംസ പിടിച്ചുപറ്റി.

പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി ക്രൈസ്തവ സഭാ നേതാക്കന്മാരോടൊപ്പം





മനസ് മാസികയുടെ പ്രകാശനം സ്മൃതി മന്ദിരം കൂദാശ



കൈപ്പട്ടൂർ : സെന്റ് ജോർജ്ജസ് മൗണ്ട് ഹൈസ്കൂളിൽ കീപ്പള്ളിൽ കെ. എം. ജോൺ, അന്നമ്മ ജോൺ, തെങ്ങു വിളയിൽ ടി.ഐ. ഇട്ടിച്ചെറിയ എന്നിവ രുടെ ഓർമ്മയ്ക്കായി നിർമ്മിച്ച മന്ദിരം കൂദാശയോടനുബന്ധിച്ചുള്ള പൊതുസ മ്മേളനം മലങ്കര ഓർത്തഡോക്സ് അടൂർ അഭി. കടമ്പനാട് ഭദ്രാസനാധിപൻ ഡോ. സഖറിയാസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു.

ദൈവകരങ്ങളിൽ സമർപ്പിച്ച് ജീവിതം നയിക്കുമ്പോൾ ആത്മസംതൃപ്തി ലഭിക്കു മെന്നും നല്ല ഓർമകൾ അവശേഷിച്ച് കടന്ന് പോകുന്നവർ വരും തലമുറകളുടെ മനസ്സിൽ മര ണമില്ലാത്തവരായി തുടരുമെന്നും അദ്ദേഹം പറ ഞ്ഞു. ഹെഡ്മാസ്റ്റർ ആർ.രാജേന്ദ്രൻ ഉണ്ണിത്താൻ അധ്യക്ഷത വഹിച്ചു. കേരള പവർ മൈൻഡ് വിഷൻ പുറത്തിറക്കിയ മാഗസിൻ മനസ്സ് പ്രകാ ശനം ചെയ്തു. ഫാ. ഡാനിയൽ പുല്ലേലിൽ അനുസ്മരണ പ്രഭാഷണം നടത്തി.

ഡോ. ഐസക് പാമ്പാടി, ഫാ. ജോൺസൺ കല്ലിട്ടതിൽ കോർ എപ്പിസ്കോപ്പ, ഫാ. ഷിബു വർഗ്ഗീസ്, സ്കൂൾ മാനേജർ ജോൺസൺ കീപ്പ ള്ളിൽ, വാർഡ് അംഗം സുഭാഷ് നടുവിലേതിൽ. പാപ്പച്ചൻ കീപ്പള്ളിൽ, പ്രീത് ജി ജോർജ്ജ്, ഫ്രെഡി ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

കേരള പവർമൈൻഡ് മിഷൻ പ്രവർത്തനങ്ങ ളിൽ പരിശുദ്ധ പിതാവിന്റെ സാന്നിദ്ധ്യം

ഓർമ്മച്ചിത്രങ്ങളിലൂടെ......










പ്രൈവറ്റ് (എയ്ഡഡ്) സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ വാർത്തകൾ







പ്രൈവറ്റ് (എയ്ഡഡ്) സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ ബഹു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് 14 ജില്ലാ കമ്മറ്റികളിൽ നിന്നും സമാഹരിച്ച 30,00,000 (മുപ്പതു ലക്ഷം) സംഭാവന നൽകി. എയ്ഡഡ് സ്കൂൾ മാനേജർമാർ നേരിടുന്ന വിവിധ വിഷയങ്ങൾ അടങ്ങിയ നിവേദനം നൽകി. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അതേ തുടർന്ന് ബഹു. വിദ്യാഭ്യാസ മന്ത്രിയെ കാണുകയും ചർച്ച നടത്തുകയും ചെയ്യ്തു. വിദ്യാഭാസ രംഗത്തെ വിഷയങ്ങൾ ഗൗരവമായി കാണുന്നെന്നും ചർച്ചകളിലൂടെ പരിഹരിക്കാം എന്ന് വിദ്യാഭ്യാസ മന്ത്രി ഉറപ്പ് നൽകി.

ചർച്ചകളിൽ എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികൾ ആയ സംസ്ഥാന ജനറൽ സെക്രട്ടറി മണി കൊല്ലം, വൈസ് പ്രസിഡന്റുമാരായ ശ്രീ. എച്ച്. ബൈജു പണിക്കർ, ശ്രീ കല്ലട ഗിരീഷ്, ഗുലാബ് ഖാൻ, സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി തോമസ് കോശി, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഡ്വ. എ എ ഹമീദ് എന്നിവർ പങ്കെടുത്തു.



വിദ്യാഭ്യാസരംഗത്ത് കോവിഡ് സൃഷ്ടിച്ച വെല്ലുവിളികളും അവസരങ്ങളും



Dr. E K Mohammed Shaffe
Former Principal and Head of Institution
International Indian School, Dammam,
Kingdom of Saudi Arabia

കോവിഡ്-19 എന്ന മഹാമാരി മാനവരാശിയെ സമഗ്രമേഖലകളിലും ബാധിച്ചിരിക്കുകയാണ്. വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, തുടങ്ങി ജീവിതത്തിന്റെ എല്ലാമേഖലകളും ഇതുമൂലം പ്രതിസന്ധിയിലാണ്.

ലോകമെമ്പാടുമുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസ സംവിധാനങ്ങളെ ഈ മഹാമാരി അവതാളത്തിലാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം താല്ക്കാലികമായി അടച്ചുപൂട്ടേണ്ടിവന്നു. മുന്നോട്ടുള്ള വഴി അറിയാതെ അധ്യാപകരും വിദ്യാർത്ഥികളും പരിഭ്രാന്തരായി. അപ്രതീക്ഷിതമായി ഉണ്ടായ ഈ പ്രതിസന്ധിയെ എങ്ങനെ തരണംചെയ്യാം എന്ന അന്വേഷണം നമ്മെ ഓൺലൈൻ പഠനം, വിർച്യുൽ ലേർണിംഗ് തുടങ്ങിയ നൂതന പഠനമാർഗങ്ങളിലേക്കു നയിച്ചു.

അങ്ങനെ വിദ്യാർഥികൾ മൊബൈൽ, ടാബ്‌ലറ്റ്, ലാപ്ടോപ്പ്, കമ്പ്യൂട്ടർ, തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെ സ്വന്തംഗൃഹങ്ങളിൽ ഇരുന്ന് ദൂരെയുള്ള അധ്യാപകരുടെ ശിക്ഷണം നേടുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം വ്യാപകമായി. 'ഇ-ലേർണിംഗ്' സമ്പ്രദായം നാമിന്നുവരെ കാണാത്ത പുതിയ ഒരുപറ്റം വെല്ലുവിളികൾ ഉയർത്തുകയും ചെയ്തു. പഠിക്കുന്ന എല്ലാകുട്ടികൾക്കും ഇലക്ട്രോണിക് ഉപകരണങ്ങൾ ലഭ്യമാക്കുക, എല്ലായിടങ്ങളിലും വൈദ്യതിയും ഇന്റർനെറ്റും ഉറപ്പാക്കുക തുടങ്ങി അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും സാങ്കേതികപരിജ്ഞാനം നൽകുക എന്നിങ്ങനെ അഭൂതപൂർവമായ പലപ്രശ്നങ്ങളും നാം തരണംചെയ്തു.

സാങ്കേതികവിദ്യയുടേയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും ലഭ്യതയും കണക്റ്റിവിറ്റി പ്രശ്നങ്ങളും ഒരുപരിധിവരെ പരിഹരിക്കുന്നതിന് ഗവൺമെന്റ്, സാമൂഹ്യസംഘടനകൾ, ജനപ്രതിനിധികൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സന്മനസ്സുള്ള വ്യക്തികൾവരെ സഹായിച്ചിട്ടുണ്ട്. ദിനേന അത്യാവശ്യക്കാരായ വിദ്യാർത്ഥികൾക്ക് മൊബൈൽ, ടെലിവിഷൻ, തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് നമ്മൾ മാധ്യമങ്ങളിലൂടെ വായിക്കുന്നു. പലയിടങ്ങളിലും ദേശീയ/പ്രാദേശിക ചാനലുകളിൽ പഠനഭാഗങ്ങൾ ടെലികാസ്റ്റ് ചെയ്തും അവർ വിദ്യാർത്ഥികളെ സഹായിക്കുന്നു. എന്നാൽ, രാജ്യത്തെ യൂണിവേഴ്സിറ്റികളിലും, സ്കൂളുകളിലും, സാങ്കേതിക സ്ഥാപനങ്ങളിലും നടത്തിവന്നിരുന്ന വിദ്യാഭ്യാസ വിജ്ഞാന വിനിമയത്തിന്റെ ഒരു ചെറിയ അംശമേ ഈ രീതിയിൽ നമ്മുക്ക് യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

മാത്രമല്ല, അടച്ചുപൂട്ടിയ സ്കൂൾ കെട്ടിടങ്ങളും സാങ്കേതികപ്രയാസങ്ങളെക്കാളും ഉപരി ഫലപ്രദമായ വിദ്യാഭ്യാസത്തിനു നേരിടേണ്ടിവന്ന വെല്ലുവിളി വീടുകളുടെ മതിൽ കെട്ടുകൾക്കുള്ളിൽ ഒതുങ്ങിക്കൂടേണ്ടിവന്ന വിദ്യാർത്ഥികളുടെ മാനസിക സമ്മർദമാണ്. ഈ ഒറ്റപ്പെടലിൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ അതിരില്ലാത്ത ഉപയോഗം ചിലകുട്ടികളെ അപകടകരമായ പലസൈറ്റുകളിൽ കൊണ്ടെത്തിക്കുന്നു. ചിലർ ഹാനികരമായ ഗെയിമുകൾക്കു അടിമകളാകുമ്പോൾ ചിലർ ലൈംഗികതയുടെ അതിപ്രസരമുള്ള മേഖലകളിൽ എത്തിച്ചേരുന്നു. മൂവാറ്റുപുഴയിലെ പ്രശസ്തമായ ഒരു വിദ്യാലയത്തിലെ 7-ാംക്ലാസുകാരനായ വിദ്യാർത്ഥി ഭയാനകമായ ഒരു ഗെയിമിന്റെ സ്വാധീനത്തിൽ ഒരു രാത്രിയുടെ മറവിൽ പുഴയിലേക്കിറങ്ങി ആത്മഹത്യ ചെയ്ത വാർത്ത നാം കേൾക്കാനിടയായി. സമാന രീതിയിലുള്ള വേറെയും കേസുകൾ കേരളത്തിന്റെ മറ്റുഭാഗങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ അടുത്തദിവസങ്ങളിൽ എന്റെ സുഹൃത്ത്കൂടിയായ മനഃശാസ്ത്രജ്ഞൻ കോഴിക്കോട്നിന്നും അപകടകരമായ ഒരു ഗെയിമിൽപെട്ട് മാതാപിതാക്കളെ ഉപദ്രവിക്കുകയും മറ്റു സ്വഭാവ വൈകൃതങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്ത ഒരു 11-ാം ക്ലാസ് വിദ്യാർത്ഥിയെ

സഹായിച്ച വിവരം പങ്കുവെച്ചിരുന്നു. സമൂഹ ത്തിന്റെയും മാതാപിതാക്കളുടെയും അവബോ ധവും ജാഗ്രതയും ഈ വിഷയത്തിൽ എത്ര ത്തോളം ആവശ്യമാണ് എന്ന് വ്യക്തമാക്കു ന്നതാണ് ഈ സംഭവങ്ങൾ.

കോവിഡാനന്തര കാലത്തു പ്രസക്തമാ കുന്ന ഒരുചോദ്യം സാഹചര്യങ്ങൾ അനുകൂലമാ യാൽ നാം പൂർണമായും പഴയ ഭൗതികക്ലാസ്സ് മുറികളിലെ പഠന സംവിധാനങ്ങളിലേക്കു മടങ്ങണോ, അതല്ല ചുരുങ്ങിയകാലം കൊണ്ട് പരിചിതമാക്കിയ ഓൺലൈൻ സാങ്കേതിക വിദ്യകൾ പരിപോഷിപ്പിച്ചു സാങ്കേതിക ശാസ് ത്രീയ വികസനത്തിൽ അധിഷ്ഠിതമായ ഓൺ ലൈൻ വിദ്യാഭ്യാസത്തിനു പ്രാമുഖ്യം നൽക ണമോ എന്നതാണ്. വികസിത രാജ്യങ്ങളിലെ വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും ശാസ്ത്രസമൂഹ ത്തിന്റെയും അഭിപ്രായത്തിൽ ഭൗതിക ക്ലാസ്സ് മുറികളും, ഓൺലൈൻ സങ്കേതങ്ങളും കൂടിച്ചേ ർന്ന ഒരു ഹൈബ്രിഡ് അധ്യയന- അധ്യാപന (ബ്ലെൻഡഡ്സിസ്റ്റം) രീതിയാണ് വരും കാലങ്ങ ളിൽ അഭികാമ്യം.

കോവിഡ്-19 ഒരു വലിയ വെല്ലുവിളിയായി നമുക്ക്മുന്നിൽ എത്തിയെങ്കിലും അതിനെ നാം വികസനത്തിനും പരിണാമത്തിനുമുള്ള ഒരു അവസരമായി പരിവർത്തിപ്പിക്കാനാണ് ശ്രമി ക്കേണ്ടത്. വരുംകാലങ്ങളിലേക്കു അനുയോ ജ്യമായ വിദ്യാഭ്യാസരീതികൾ നാം രൂപീകരിക്കേ ണ്ടിയിരുന്നു. നമ്മുടെ അധ്യാപകരും വിദ്യാഭ്യാസ പ്രവർത്തകരും അതിനു കെൽപ്പുള്ളവരാണ്. മുൻപൊരിക്കലും പ്രയോഗിച്ചിട്ടില്ലാത്ത ഇ-ലേ ണിങ്ങിനുവേണ്ട സാങ്കേതികവിദ്യ വളരെ ചുരു ങ്ങിയസമയംകൊണ്ട് സ്വായത്തമാക്കി നമ്മുടെ അധ്യാപകർ ഓൺലൈൻക്ലാസുകൾ ഒരു വൻ വിജയമാക്കി. നമ്മുടെ അധ്യാപകരുടെയും വിദ്യാ ർത്ഥികളുടെയും പ്രയത്നം ഏറെ പ്രശംസ നീയമാണ്.

ഓൺലൈൻപഠനം, വിദൂരവിദ്യാഭ്യാസം തുടങ്ങിയ ആശയങ്ങൾ കോവിഡ് -19 കാലഘ ട്ടത്തിൽ പൊട്ടിമുളച്ചവയല്ല. മുതിർന്നവരും, ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും ഉന്നത വിദ്യാഭ്യാസം നേടുന്നതിനും തൊഴിൽരംഗത്ത് നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ദശാബ്ദങ്ങ ളായി വിദൂര വിദ്യാഭ്യാസത്തിനെ ആശ്രയി ക്കുന്നു. വികസ്വരരാജ്യങ്ങളിലും, വികസി തരാജ്യങ്ങളിലും വിദൂരവിദ്യാഭ്യാസരീതിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും മറ്റു പലഉയർന്നയോഗ്യതകളും നൽകുന്നുണ്ട്. നമ്മുടെ രാജ്യത്തെ ഇന്ദിരഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിതന്നെ മികച്ച ഉദാഹര ണമാണ്. ഈ സംവിധാനം മുതിർന്നവർ ക്കുവേണ്ടി ആയിരുന്നെങ്കിൽ ഇന്ന് ഓൺലൈൻ പഠനസംവിധാനം പ്രൈമറി, സെക്കണ്ടറി തല ങ്ങളിലാണ് പ്രയോഗവൽക്കരിക്കുന്നത്. ബിരുദ - ബിരുദാനന്തരതലങ്ങളിൽ വിദൂര വിദ്യാ ഭ്യാസം നൽകുന്നത് അതിനുവേണ്ടി തയ്യാറാ ക്കിയ കരിക്കുലവും അധ്യയന- അധ്യാപനരീതി കളും അനുസരിച്ചാണ്. ഇവിടെ മൂല്യനിർണ യവും മറ്റുപരീക്ഷാ സമ്പ്രദായങ്ങളിൽ നിന്ന് വ്യത്യസ്തമാണ്.

കോവിഡ്കാലത്തെ ഓൺലൈൻ വിദ്യാ ഭ്യാസത്തിൻറെ പ്രധാന ന്യൂനത നമുക്ക് അതിനു വേണ്ടി യാതൊരുവിധ തയ്യാറെടുപ്പുകളോ ഗൃഹപാഠമോ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നതാ ണ്. ക്ലാസ്സ്മുറികളിൽ പഠിപ്പിച്ചിരുന്ന അധ്യാപകർ ഇന്ന് അതെ ക്ലാസുകൾതന്നെ ഗൂഗിൾമീറ്റ്, സൂം, തുടങ്ങിയ പ്ലാറ്റുഫോമുകൾ വഴി വിദ്യാർഥിക ളിലേക്കു എത്തിക്കുന്നു.

ഈരീതി അവലംബിക്കുന്നതു നിമിത്തം അടിസ്ഥാന സൗകര്യങ്ങളായ ബിൽഡിംഗ്, ക്ലാസ്സ്മുറികൾ, ലാബുകൾ, ലൈബ്രറി തുടങ്ങിയ സംവിധാനങ്ങൾക്ക് കൂടുതൽ നിക്ഷേപം ആവശ്യംവരുന്നില്ല. പകരം, വിവര സാങ്കേതിക വിദ്യയുടെ പുരോഗതിക്കും അതിന്റെ ഗുണ ഫലം ഓരോവിദ്യാർത്ഥിക്കും ലഭ്യമാക്കുന്ന തിനും അതുവഴി അവർക്ക് സ്വന്തമായി അധ്യയനം സാധ്യമാക്കുന്നതിനുമാണ് സർക്കാ രുകൾ ശ്രദ്ധിക്കേണ്ടത്. ഓരോ ഗ്രൂപ്പ് വിദ്യാർ ത്ഥികളും സംശയനിവാരണത്തിനും ചർച്ചക ൾക്കും ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾക്കും പഠ്യേതരപ്രവർത്തങ്ങൾക്കും ഇടവിട്ട്ചുരുങ്ങിയ നാളുകളിൽ കലാലയങ്ങളിൽ എത്തുന്നു. ബാക്കിസമയം വീട്ടിൽനിന്നും ഓൺലൈൻ ആയി ക്ലാസുകൾ ശ്രദ്ധിക്കുന്നതിനും സ്വന്തം അസൈന്മെൻറ്സ്, പ്രൊജക്റ്റ്, ഗവേഷണം, പഠനംതുടങ്ങിയ കാര്യങ്ങൾക്കും വിനിയോ ഗിക്കാം.ഇതുവഴിപഠനം കൂടുതൽ കാര്യക്ഷമവും സന്തോഷപ്രദവുമായിതീരുന്നു. പഠനത്തോട് കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിനും വ്യക്തിഗത വിദ്യാഭ്യാസം എന്ന നൂതന ആശയം വളരെ ഭംഗിയായി പ്രയോഗവൽക്കരിക്കു ന്നതിനും സാധിക്കുന്നു.



പ്രൊഫ. (ഡോ) ബിനോയ് ഏലിയാസ് മറ്റമന
Principal, VISAT Engineering College, Elanji
(Rtd. Prof. & HOD. CivilEngg., Dept. M.A. College of Engineering, Kothamangalam

എൻജിനീയറിങ് വിദ്യാഭ്യാസത്തിന്റെ പ്രസക്തി

'കുട്ടികൾ എന്ത് പഠിക്കണം? പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ' ഈ ചോദ്യം വളരെ പ്രസക്തമായ ഒരു കാര്യമാണ്. എപ്പോഴും അവർക്കിഷ്ടമുള്ള വിഷയം പഠിക്കണം എന്നതാണ് അതിന്റെ ശരിയായ മാർഗ്ഗ നിർദ്ദേശം. അത് വളരെ നല്ലതുമാണ്. പക്ഷെ നമ്മുടെ പ്രത്യേകിച്ച് കേരളത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം വച്ച് നോക്കുമ്പോൾ കുട്ടികൾ ജ്ഞാനസമ്പാദനത്തിന് മാത്രമായല്ല. വിദ്യാഭ്യാസത്തിനായി പോകുന്നത്. മറിച്ച് ഒരു തൊഴിൽ കണ്ടെത്തുന്നതിനോ അല്ലെങ്കിൽ ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിനോ കൂടിയാണ്. ഇവിടെയാണ് പ്രായോഗിക (applied) വിദ്യാഭ്യാസത്തിന്റെ പ്രസക്തി.

ഇന്ത്യയിൽ പൊതുവെ ബിരുദതലത്തിൽ പഠനത്തിനായി ആർട്ട്, സയൻസ്, കൊമേഴ്സ് എന്നീ വിഷയങ്ങൾ ആണ് ലഭ്യമായിട്ടുള്ളത്. ഇതിൽ കൊമേഴ്സ് മാത്രമാണ് ഒരു തൊഴിലുമായി ബന്ധപ്പെടുത്തുന്ന ഒരു ബിരുദം. Applied Arts ഒരു തൊഴിൽ മാർഗ്ഗമായി ഉപയോഗിക്കാൻ വളരെക്കുറച്ച് സാദ്ധ്യതകൾ മാത്രമാണ് നമ്മുടെ രാജ്യത്ത് ഉള്ളത്. പിന്നീടുള്ളത് ശാസ്ത്ര വിഷയങ്ങൾ ആണ്. ശാസ്ത്ര വിഷയങ്ങളുടെ പ്രായോഗിക വിദ്യാഭ്യാസം എന്ന് പറയുന്നതാണ് എൻജിനീയറിങ്, മെഡിസിൻ, ഫാർമസി തുടങ്ങിയവ. ഫിസിക്സ്, കെമിസ്ട്രി, ബയോളജി പോലുള്ള ശാസ്ത്രവിഷയങ്ങളിൽ അതീവ താത്പര്യമുള്ള കുട്ടികളാണ് അതിന്റെ ബിരുദത്തിനായി ശ്രമിക്കേണ്ടത്.

ശാസ്ത്രവിഷയങ്ങളിൽ കൂടുതൽ താത്പര്യമുള്ള കുട്ടികൾ ആ ബിരുദത്തിനായി മുന്നോട്ടിറങ്ങുമ്പോൾ ചില കാര്യങ്ങൾ മനസ്സിൽ കരുതിയിരിക്കണം. ഒന്ന്, അക്കാഡമിക് രംഗം അല്ലെങ്കിൽ ഗവേഷണം ആണ് ആ വഴിയിലെ മുന്നോട്ടുള്ള സാദ്ധ്യതകൾ. ബിരുദാനന്തര ബിരുദവും ഡോക്ടറൽ ഡിഗ്രിയും, ചിലപ്പോൾ post doctoral ഡിഗ്രി വരെ പോകേണ്ടി വരും ഈ രംഗത്ത് ശോഭിക്കാൻ. രണ്ടാമത്, അദ്ധ്യാപക വൃത്തിയാണ് പ്രധാനമായും ലഭിക്കാവുന്ന ജോലി. ഈ ജോലിക്കാണ് ഇന്ന് ഏറ്റവും കൂടുതൽ മത്സരം. അതുകൊണ്ട് തന്നെ സ്വകാര്യ മേഖലയിൽ ഈ തൊഴിലിന് വേതനവും താരതമ്യേന വളരെ കുറവായിരിക്കും. അതേസമയം തന്നെ ശാസ്ത്ര ഗവേഷണ രംഗത്ത് ജോലി സാധ്യതകൾ വളരെ കുറവാണ്. മൂന്ന്, എല്ലാ ബിരുദക്കാർക്കും അപേക്ഷിക്കാവുന്ന ജോലികളാണ് പിന്നീട് ഉള്ള വഴി. നാല് മിക്ക വികസിത രാജ്യങ്ങളിലും നമ്മുടെ 3 വർഷ ബിരുദം അംഗീകരിക്കുന്നില്ല. അവിടെ ഏത് ബിരുദവും ചുരുങ്ങിയത് 4 വർഷം വേണം.

ഇവിടെയാണ് ശാസ്ത്രത്തിന്റെ പ്രായോഗിക (applied science) വഴിയായ എൻജിനീയറിംഗിന്റെ പ്രസക്തി. എൻജിനീയറിങ് പഠനം പല രീതിയിലും കുട്ടികൾക്ക് ഉപയോഗപ്രദമാണ്. ഒന്ന്, ശാസ്ത്രവിഷയങ്ങളിൽ താത്പര്യമുള്ള കുട്ടികൾക്ക് അത് എങ്ങിനെയാണ് പ്രായോഗിക വശത്തേക്ക് കൊണ്ടുവരിക എന്ന ഒരു വേദി തുറന്ന് കിട്ടുന്നു. രണ്ട് എൻജിനീയറിങ് ഒരു തൊഴിൽ അധിഷ്ഠിത വിദ്യഭ്യാസം ആണ്, അതുമൂലം ഏതൊരു വിദ്യർത്ഥിക്കും ജോലി കണ്ടെത്തുന്നതിനും, താരതമ്യേന എളുപ്പമാണ്. മൂന്ന് പഠിച്ച കാര്യങ്ങൾ പ്രായോഗിക തലത്തിൽ

കൊണ്ടുവരുമ്പോൾ ചെയ്യുന്ന ജോലിയിൽ കൂടുതൽ കൂടുതൽ താത്പര്യം തോന്നും. ഇതാണ് ഒരു സാധാരണ ശാസ്ത ബിരുദ ത്തെക്കാൾ എൻജിനീയറിംഗ് വിദ്യഭ്യാസത്തിന്റെ പ്രത്യേകത.

എൻജിനീയറിങ് ബിരുദധാരികൾക്ക് ശാസ്ത്ര വിഷയത്തിൽ തന്നെ ഉപരിപഠനം നടത്താനാണ് പിന്നെയും താത്പര്യമെങ്കിൽ അതും സാധ്യമാണ്. വികസിത രാജ്യങ്ങളിൽ ബിരുദാനന്തര വിദ്യഭ്യാസം ചെയ്യണമെങ്കിൽ 4 വർഷത്തെ ബിരുദം നിർബന്ധമാണ്. ആ നില യിലും എൻജിനീയറിങ് ബിരുദം ആണ് കൂടു തൽ സുരക്ഷിതം.

ലോകം മുഴുവൻ വികസനം നടക്കുമ്പോൾ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യത ഉള്ള മേഖലയാണ് എൻജിനീയറിങ്. ഏറ്റവും കൂടു തൽ ആളുകൾക്ക് ജോലികൊടുക്കുന്നതും എൻജിനീയറിങ് വിഭാഗം ആണ്. അതല്ല, സ്വന്ത മായി വ്യവസായ സംരംഭം ആരംഭിക്കാൻ താത്പര്യമുള്ളവർക്കും എപ്പോഴും ഒരു അടി സ്ഥാന എൻജിനീയറിങ് ബിരുദം ആയിരിക്കും ഏറ്റവും അഭികാമ്യം. മധ്യപൂർവ്വദേശത്തെ ജോലി കൾക്ക് ഇന്നും ഏറ്റവും കൂടുതൽ സാധ്യത എൻജിനീയറിങ് ബിരുദ ധാരികൾക്ക് തന്നെ. നിർമ്മാണ മേഖലയിലും, വ്യാവസായിക മേഖലയിലും, കാർഷിക രംഗത്തും, ഇന്നത്തെ ഇന്റർനെറ്റ്, നിർമ്മിത ബുദ്ധി, തുടങ്ങിയ എല്ലാ മേഖലകളിലും ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ എൻജിനീയറിങ് ബിരുദധാരി കൾക്കാണ്. എന്തിനേറെ പറയുന്നു, കലാരംഗ ത്തും കമ്പ്യൂട്ടറുകളുടെയും സോഫ്റ്റ് വെയറുകൾ കയ്യടക്കിക്കൊണ്ടിരിക്കുന്നു. ഇത്തരം സോഫ്റ്റ് വെയറുകൾ കമ്പനികളും എൻജിനീയറിങ് ബിരുദധാരികളെ ആണ് ജോലികൊടുക്കുന്ന തിനായി ഏറ്റവും കൂടുതൽ അന്വേഷിക്കുന്നത്. അതേപോലെ പൊതുമേഖലാ സ്ഥാപനങ്ങളി ലേക്കുള്ള ഒഴിവുകൾ ഇന്ന് അധികവും നികത്ത പ്പെടുന്നത് എൻജിനീയറിങ് ബിരുദധാരിക ളിൽനിന്നാണ്. സിവിൽ സർവീസ് പോലുള്ള രംഗത്തും ഏറ്റവും കൂടുതൽ ഉദ്യോഗം നേടു ന്നതും അവരുടെ പ്രവർത്തന മേഖലയിൽ ശോഭിക്കുന്നതും എൻജിനീയറിങ് ബിരുദ ധാരികൾ ആണ് എന്നുള്ള കാര്യവും വിസ്മരി ക്കരുത്.

ചുരുക്കത്തിൽ ശാസ്ത്രവിഷയങ്ങളിൽ താത്പര്യമുള്ള വിദ്യർത്ഥികൾക്ക് ഏറ്റവും സുരക്ഷിതവും അഭികാമ്യവുമായ വിദ്യാഭ്യാസം ഇന്നും എൻജിനീയറിങ് മേഖല ആണെന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല.






വൈ.എം.സി.എ. പത്തനംതിട്ട സബ് റീജിയൺ സംഘടിപ്പിച്ച വിദ്യാജ്യോതി പദ്ധ തിയുടെ ഉദ്ഘാടനവും പ്രതിഭാ സംഗമവും കൈപ്പട്ടൂർ സെന്റ് ജോർജ്ജസ് മൗണ്ട് ഹൈസ്ക്കൂളിൽ നടന്നു. അഡ്വ. ബാബുജി കോശി അദ്ധ്യക്ഷനായി രുന്നു. വൈ.എം.സി. എ.യുടെ മുൻ ദേശീയ പ്രസിഡന്റ് ഡോ. ലെബി ഫിലിപ്പ് മാത്യു ഉദ്ഘാടനംചെയ്തു. ജോൺസൺ കീപ്പ ള്ളിൽ മുഖ്യ അതിഥി യായിരുന്നു.

അനുശോചനങ്ങൾ

RAM NATH KOVIND
The President of India



His Holiness Moran Mar Baselios Marthoma Paulos II, the Supreme Head of Indian Orthodox Church, devoted his life to helping the poor & vulnerable. He promoted social justice and equality, including women empowerment. I convey my heartfelt condolences to his countless followers.

NARENDRA MODI
The Prime Minister of India



Saddened by the passing away of His Holiness Moran Mar Baselios Marthoma Paulos II, the Supreme Head of Indian Orthodox Church. He leaves behind a rich legacy of service and compassion. In this hour of grief, my thoughts are with the members of the Orthodox Church. RIP.

VENKAIAH NAIDU
The Vice President of India



Saddened to know that the supreme head of Malankara Orthodox Church, His Holiness Moran Mar Baselios Marthoma Paulos II has passed away. He was an embodiment of kindness, compassion & selfless service. His inspirational life will be a guiding light to everyone. May his soul rest in peace.

DR. C.N. ASHWATHNARAYAN
Deputy Chief Minister of Karnataka



Saddened to know the passing away of His Holiness Moran Mar Baselios Marthoma Paulos II, the supreme head of Malankara Orthodox Church.

His way of life, kindness and compassion will be cherished by all devotees. May his soul rest in eternal peace.



RAHUL GANDHI
Member of Parliament, Lok Sabha

My condolences on the passing of the supreme head of Malankara Orthodox Syrian Church of India- His Holiness Baselios Marthoma Paulose II.

Along with his contributions as religious head, he will be remembered for his humanitarian work for the homeless.

കഷ്ടത അനുഭവിക്കുന്നവർക്ക് സഹായ ഹസ്തവുമായി എന്നും മുന്നിൽ

പിണറായി വിജയൻ (മുഖ്യമന്ത്രി)



മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. സാധാരണക്കാരിൽ ഒരാളായി അവരോടൊപ്പം ജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് സഹായ ഹസ്തവുമായി എന്നും മുന്നിലുണ്ടായിരുന്നു. സ്ത്രീകളെ സഭാഭരണത്തിന്റെ വേദിയിൽ എത്തിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബാവയുടെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു.

കേരളത്തിൽ സഭയിലും സമൂഹത്തിലും സമാധാനം പുലർത്താൻ നിലകൊണ്ടു. സഭയുടെ താൽപര്യമായിരുന്നു എന്നും ബാവ ഉയർത്തിപ്പിടിച്ചത്. ലോകത്താകെയുള്ള ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം മുഖ്യപങ്കുവഹിച്ചു. - ഋഷിതുല്യമായ ജീവിതം നയിച്ച ബാവാ തിരുമേനിയുടെ നിര്യാണം സമൂഹത്തിനാകെ വലിയ നഷ്ടമാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

സഹജീവി സ്നേഹത്തിലധിഷ്ഠിതമായി ആധ്യാത്മിക ശുശ്രൂഷ

ഉമ്മൻ ചാണ്ടി



സഹജീവി സ്നേഹത്തിലധിഷ്ഠിതമായ ആധ്യാത്മിക ശുശ്രൂഷയായിരുന്നു മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ മുഖമുദ്ര.

ആധ്യാ ത്മികരംഗത്ത് നേതൃത്വപരമായ പങ്കുവഹിച്ചതിനൊപ്പം പാവപ്പെട്ടവർക്കും അശരണർക്കും സഹായകരമായ നിരവധി പദ്ധതികൾ നടപ്പാക്കി. കാൻസർ രോഗികൾക്കുള്ള സ്നേഹസ്പർശം പദ്ധതിയിലൂടെ അനേകർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി. നൂറു കോടി രൂപ ചെലവിട്ട് നിർമിച്ച പരുമല കാൻസർ സെന്റർ തിരുമേനിയുടെ ഇച്ഛാശക്തിയിലൂടെയാണ് യാഥാർത്ഥ്യമായത്. അർബുദബാധിതനായ തിരുമേനി വിദേശ ചികിത്സയ്ക്ക് തയാറാകാതെ പരുമല ആശുപ്രതിക്കപ്പുറം ഒരു ചികിത്സ വേണ്ടെന്ന നിലപാടെടുത്തു. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ നിരവധി കർമപദ്ധതികൾ നടപ്പാക്കി. സ്ത്രീകൾക്ക് പള്ളി ഭരണത്തിലും സഭാ ഭരണത്തിലും നിർണായക പങ്ക് നൽകിയ ആത്മീയ ആചാര്യനായിരുന്നു അദ്ദേഹം.- വിശ്വാസി സമൂഹത്തിന്റെ അഗാധമായ ദുഃഖത്തിൽ പങ്കു ചേരുന്നു. പരിശുദ്ധ പിതാവിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്ക് മുന്നിൽ പ്രണാമം.

നല്ല ഇടയന് പ്രണാമം

വി. ഡി. സതീശൻ (പ്രതിപക്ഷ നേതാവ്)



മലങ്കര ഓർത്തഡോക്സ് സഭാ തലവൻ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ കാലം ചെയ്തെന്ന വാർത്ത ഏറെ വേദനിപ്പിക്കുന്നതാണ്. മലങ്കര ഓർത്തഡോക്സ് സഭാചരിത ത്തിൽ പരുമല തിരുമേനിക്കു ശേഷം മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ റമ്പാനായിരുന്ന മാർ പൗലോസ് ദ്വിതിയൻ, വിശ്വാസികൾക്കൊപ്പം സാധാരണക്കാരനായി ജീവിച്ച വ്യക്തിത്വമായിരുന്നു. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവർക്കും രോഗികൾക്കും വേണ്ടി നിരവധി പദ്ധതികളാണ് അദ്ദേഹം സഭാതലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. നൂറുകോടിയിലേറെ രൂപ ചെലവഴിച്ച് നിർമ്മിച്ച് പരുമല കാൻസർ സെന്റർ ഇതിന് ഉദാഹരണമാണ്. നിർധനരായ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന 'സ്നേഹസ്പർശം' പദ്ധതിക്കും ഇദ്ദേഹം തുടക്കമിട്ടിരുന്നു.

സ്ത്രീകളെ സഭാഭരണത്തിലേക്ക് എത്തിക്കാനുള്ള ചരിത്രപരമായ തീരുമാനം കൈക്കൊണ്ടതും പൗലോസ് ദ്വിതീയൻ ബാവയാണ്. 2011-ൽ ഇടവകകളിൽ പുരുഷൻമാർക്കൊപ്പം സ്ത്രീകൾക്കും വോട്ടവകാശം ഏർപ്പെടുത്തിയാണ് ബാവ മലങ്കര ഓർത്തഡോക്സ് സഭയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ചത്. മദ്യം, ലഹരിമരുന്ന് എന്നിവയ്ക്ക് എതിരെയും ശക്തമായ പ്രചാരണം ബാവ നടത്തിയിട്ടുണ്ട്. സാധാരണക്കാർക്കിടയിൽ നിന്നും സഭയുടെ അത്യുന്നത പദവിയിൽ എത്തി സാധാരണക്കാർക്കൊപ്പം ജീവിച്ച പൗലോസ് ദ്വിതീയൻ ബാവയുടെ നിര്യാണം മലങ്കരസഭയ്ക്കു മാത്രമല്ല കേരളത്തി നൊന്നാകെ തീരാനഷ്ടമാണ്.

പാവപ്പെട്ടവർക്ക് വേണ്ടി സ്വജീവിതം ഉഴിഞ്ഞുവെച്ച മതപുരോഹിതൻ


കെ. സുരേന്ദ്രൻ



തിരുവനന്തപുരം: പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീ യൻ കാതോലിക്ക ബാവയുടെ നിര്യാണത്തിൽ ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ അനുശോചിച്ചു. പാവപ്പെട്ടവർക്ക് വേണ്ടി സ്വജീവിതം ഉഴിഞ്ഞുവെച്ച് മതപുരോഹിതനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണം സഭയ്ക്കും സംസ്ഥാനത്തിനും വലിയ നഷ്ടമാണ്. സഭാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും സുരേന്ദ്രൻ അറിയിച്ചു.

ARCHBISHOP
OF CANTERBURY





തണൽവൃക്ഷം കടപുഴകുമ്പോൾ

ബെന്യാമിൻ

കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ കൂടിയായ പ്രമുഖ എഴുത്തുകാരൻ ബെന്യാമിൻ ഓർക്കുന്നു.

ജീവിതത്തിൽ പല ആത്മീയ ആചാര്യന്മാരെയും കാണാനും പരിചയ പ്പെടാനും കഴിഞ്ഞിട്ടുണ്ടെങ്കിലും പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെപ്പോലെ ഒരാളുമായും എനിക്ക് അത്ര യടുത്ത ആത്മബന്ധം ഉണ്ടായിട്ടില്ല.

വലിയനേഹവാത്സല്യമാണ് അദ്ദേഹം എന്നും എന്നോടു കാണിച്ചിട്ടുള്ളത്. പ്രിയപ്പെട്ട സ്നേഹിതൻ എന്നായിരുന്നു പൊതുവേദികളിൽ അദ്ദേഹം എന്നെ വിശേഷിപ്പിക്കാറുണ്ടാ യിരുന്നത്. അതിനു കാരണമായത് അദ്ദേഹത്തിന്റെ സുദീർഘമായ ഒരു അഭിമുഖം തയാറാക്കി 'ജീവിതക്കാഴ്ചകൾ' എന്നൊരു പുസ്തകം പുറത്തിറക്കാൻ അവസരം ലഭിച്ചതും.

അങ്ങനെ ഒരു പുസ്തകം ചെയ്യാൻ താത്പര്യമുണ്ടോ എന്ന് സഭയിലെ ചുമതലക്കാർ വിളിച്ചു ചോദിക്കുമ്പോൾ തിരുമേനി അതിനു സമ്മതിക്കുമോ എന്നായിരുന്നു എന്റെ സംശയം. എന്നാൽ അദ്ദേഹം സന്തോഷത്തോടെ അത് സ്വീകരിച്ചു. അങ്ങനെ വാക ത്താനം, ഞാലിയാകുഴിയിൽ സ്ഥിതി ചെയ്യുന്ന മാർ ബസേലിയോസ് ദയറയിൽ വച്ച് ഞങ്ങൾ ഒരു ദിവസം മുഴുവൻ സംസാരിച്ചു. എല്ലാ മാസവും മൂന്നു ദിവസം തിരുമേനി അവിടെ മൗനപ്രാർഥനയ്ക്കു വേണ്ടി എത്തുമായിരുന്നു. ആ ദിവസങ്ങളിൽ ബാഹ്യസംസർഗ്ഗങ്ങൾ ഉണ്ടാവുകയില്ല. അതിൽ ഒന്നിന്റെ അവസാനം ആയിരുന്നു ആ കൂടിക്കാഴ്ച നടന്നത്.

ഒരു ആത്മീയ പുരോഹിതനോട് എന്തു തരം ചോദ്യങ്ങൾ ചോദിക്കാം ചോദിക്കരുത് എന്നൊന്നും എനിക്ക് വലിയ നിശ്ചയം ഉണ്ടായിരുന്നില്ല. പിന്നീട് ആ പുസ്തകത്തിന്റെ പ്രകാശന വേളയിൽ ഞാൻ തന്നെ ഓർമിച്ചതുപോലെ 'മർമം അറിയാവുന്നവനല്ലേ അടിക്കാൻ പേടിക്കേണ്ടൂ..' എന്ന മട്ടിൽ ഞാൻ എന്റെ ഉള്ളിൽ ഉണ്ടായിരുന്ന ചോദ്യങ്ങൾ അത്രയും കുടഞ്ഞിട്ടു. ബാല്യം മുതൽ അന്നോളമുള്ള ജീവിതത്തിന്റെ സർവ ഇടങ്ങളെയും അത് തൊട്ടുപോയി. എല്ലാത്തിനും വളരെ സൗമ്യനായി സുദീർഘങ്ങളായ ഉത്തരങ്ങൾ തന്ന് അദ്ദേഹം എന്നെ അദ്ഭുതപ്പെടുത്തി. അതിൽ ചിലതൊക്കെ അദ്ദേഹത്തെ പ്രകോപിപ്പിക്കാൻ പ്രാപ്തമായിരുന്നു. അദ്ദേഹത്തിന്റെ ചില നിലപാടുകളെ ചോദ്യം ചെയ്യുന്നവ ആയി രുന്നു. എന്നാൽ അതിനൊക്കെ തന്റെ ഉറച്ച് നിലപാടുകളും ബോധ്യങ്ങളും സൗമ്യമായി വെളിപ്പെടുത്തിത്തന്നു. അത്രയും





ധന്യമായ ദിവസങ്ങൾ അധികമൊന്നും ജീവിതത്തിൽ ഓർത്തി രിക്കാൻ ഉണ്ടാവുകയില്ല. ആ പുസ്തകം പ്രകാശനം ചെയ്തത് മലയാളത്തിന്റെ പ്രിയപ്പെട്ട നിരൂപകൻ എം.കെ. സാനുവും, പത്ത നംതിട്ട ജില്ലാ കളക്ടർ ആയ ദിവ്യ എസ്. അയ്യരും ചേർന്നായിരുന്നു എന്നുകൂടി ഇവിടെ ഓർക്കുന്നു. ദിവ്യയ്ക്ക് വളരെ പ്രിയപ്പെട്ട ആചാര്യനായിരുന്നു തിരുമേനി. അദ്ദേഹം വിട വാങ്ങിയ ദിവസം തന്നെ ചുമതല ഏറ്റെടുക്കുന്നു എന്നത് മറ്റൊരു യാദൃച്ഛികത യാവാം. പിന്നെ എത്രയോ പ്രാവശ്യം കാതോലിക്കേറ്റ് അരമനയിൽ വച്ചും മറ്റു പലയിടങ്ങളിലും ഞങ്ങൾ സംസാരിച്ചിരിക്കുന്നു. തലേന്നും കണ്ടുപിരിഞ്ഞ ഒരു - സ്നേഹിതനോടെന്നപോലെ അത്രയും തുറന്നാണ് അദ്ദേഹം സംസാരിച്ചിട്ടുള്ളത്. സഭയുടെ പരിപാടികളിലൊക്കെ എന്നെ പ്രസംഗിക്കാൻ വിളിക്കണം എന്ന് അദ്ദേഹം ചട്ടം കെട്ടുമായിരുന്നു. അത് യുവജന പ്രസ്ഥാനത്തിന്റെ - സമ്മേളനം ആണെങ്കിലും പുരോഹിതന്മാരുടെ ആത്മീയ സമ്മേളനം ആണെങ്കിലും അദ്ദേഹം സൗജന്യപൂർവം എന്നെ ക്ഷണിച്ചു. അദ്ദേഹത്തിന്റെ സ്വന്തം ദേശമായ കുന്നംകുളത്ത് എത്തിയപ്പോൾ അവിടുത്തെ അരമനയിൽ ത്തന്നെ താമസം ഒരുക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയും രാത്രി വൈകി - എത്തിയപ്പോഴും എന്റെ ക്ഷേമം അന്വേഷിക്കാൻ മുറിയിലേക്കെത്തുകയും - ചെയ്തത് ഞാൻ ഓർക്കുന്നു.

പച്ചയായ മനുഷ്യൻ എന്ന് നമ്മൾ പലരെക്കുറിച്ചും പറയാറുണ്ട്. എന്നാൽ അക്ഷരാർഥത്തിൽ അങ്ങനെ ഒരാൾ എന്നായിരുന്നു അദ്ദേഹത്തെകണ്ട നിമിഷങ്ങളിൽ, സംസാരിച്ചിട്ടുള്ള നിമിഷങ്ങളിൽ എല്ലാം എനിക്കു തോന്നിയി ട്ടുള്ളത്. തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം എന്തെന്ന് കൃത്യമായി തിരിച്ചറിഞ്ഞ് അതിനു വേണ്ടി അടിയുറച്ചു നിലകൊണ്ട ഒരു പച്ചമനുഷ്യൻ. അതിൽ നിൽക്കാൻ അദ്ദേഹം ആരെയും കൂസിയില്ല, ആരെയും വക വച്ചുകൊടുത്തതുമില്ല. എല്ലാവരെയും സന്തോഷിപ്പിക്കാൻ അദ്ദേഹം ഒന്നും ചെയ്തില്ല. അദ്ദേഹത്തിന്റെ അന്ത്യത്തോളം അത് നിലനിർത്തി എന്നാണ് എന്റെ ബോധ്യം. അദ്ദേഹത്തിന്റെ സ്വപ്നപദ്ധതിയായിരുന്നു പരുമലയിലെ കാൻസർ - സെന്റർ. പിന്നീട് അദ്ദേഹത്തിനു രോഗം വന്നപ്പോൾ അവിടെയല്ലാതെ വേറെ എവിടെയും ചികിത്സിക്കാൻ പോകാൻ അദ്ദേഹം തയാറായില്ല. വിദേശരാജ്യങ്ങളിൽ കൊണ്ടുപോകാം എന്ന് പലരും വാഗ്ദാനം ചെയ്തെങ്കിലും അ ദ്ദേ ഹം അതെല്ലാം നിഷേധിച്ചു. താൻ നേതൃത്വം കൊടുക്കുന്ന ആശുപത്രിയിലെ ഡോക്ടർമാരെ അദ്ദേഹം അത്രയും ആദരിച്ചു എന്നർഥം. അതായിരുന്നു പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. അദ്ദേഹം വിട വാങ്ങുമ്പോൾ സ്നേഹത്തിന്റെ ഒരു വലിയ തണൽ വൃക്ഷം കടപുഴകിയതുപോലെ ശൂന്യത അനുഭവപ്പെടുന്നു. കണ്ണീർ പ്രണാമം.

Printed & Published by : Johnson Keeppallil, on behalf of Kerala Power Mind Mission, Ernakulam, Tel: 9846352615
Chief Editor : Johnson Keeppallil, Managing Editor : Fr. Saji Mekkattu, Editor: Preeth Chandanapally

شركـة جـزيـرة البحـر للمقـاولات

SEALAND MARITIME

& INDUSTRIAL CONTRACTING SERVICES


2021 Calender
1442 - 1443.H

Services

- Shipping Agencies.
- Ship Chandelling.
- Life raft Services.
- BA Set Services.
- FireFighting Equipments.
- CO Systems,FRC & Life Boat Services
- Marine Engineering.
- Logistic Solutions.
- Technical Support Services.
- Fabrication & Welding Services.
- Mechanical Repair & Services.
- Automation & Instrumentation.
- Communication Equipments.
- Navigation Equipments.
- Radio Surveys.
- Crew Boat Services.

Inspection & Certification

- Fire Alarm Installation, Testing & certification.
- Flow Meter - Testing & Calibration.
- Megger Testing.
- Portable & Fixed Gas System Services, Calibration & Certification.
- 15 ppm Monitor Calibration.
- Noise Survey.
- Crane, Loose Lifting Equipments Inspection & Certifications.
- Load Testing, Proof Load Testing & Certification.
- Pull Testing.
- Drill Pipe & BHA Inspection.
- Handling Tools Inspection.
- Third Party Inspection Services (Welding, Coating, Electrical & Vendor Inspection).
- NDT Inspection Services.
- **Hose Fabrication Division.**
- **Chemical Factory.**



JANUARY — Jumada I (5) - Jumada II (6)

	SUN	MON	TUE	WED	THU	FRI	SAT
	31 / 18					1 / 17	2 / 18
1	3 / 19	4 / 20	5 / 21	6 / 22	7 / 23	8 / 24	9 / 25
2	10 / 26	11 / 27	12 / 28	13 / 29	14 / 1	15 / 2	16 / 3
3	17 / 4	18 / 5	19 / 6	20 / 7	21 / 8	22 / 9	23 / 10
4	24 / 11	25 / 12	26 / 13	27 / 14	28 / 15	29 / 16	30 / 17

FEBRUARY — Jumada II (6) Rajab (7)

	SUN	MON	TUE	WED	THU	FRI	SAT
5		1 / 19	2 / 20	3 / 21	4 / 22	5 / 23	6 / 24
6	7 / 25	8 / 26	9 / 27	10 / 28	11 / 29	12 / 30	13 / 1
7	14 / 2	15 / 3	16 / 4	17 / 5	18 / 6	19 / 7	20 / 8
8	21 / 9	22 / 10	23 / 11	24 / 12	25 / 13	26 / 14	27 / 15
8	28 / 16						

MARCH — Rajab (7) - Sha'aban (8)

	SUN	MON	TUE	WED	THU	FRI	SAT
9		1 / 17	2 / 18	3 / 19	4 / 20	5 / 21	6 / 22
10	7 / 23	8 / 24	9 / 25	10 / 26	11 / 27	12 / 28	13 / 29
11	14 / 1	15 / 2	16 / 3	17 / 4	18 / 5	19 / 6	20 / 7
12	21 / 8	22 / 9	23 / 10	24 / 11	25 / 12	26 / 13	27 / 14
13	28 / 15	29 / 16	30 / 17	31 / 18			

APRIL — Sha'aban (8) - Ramadan (9)

	SUN	MON	TUE	WED	THU	FRI	SAT
13					1 / 19	2 / 20	3 / 21
14	4 / 22	5 / 23	6 / 24	7 / 25	8 / 26	9 / 27	10 / 28
15	11 / 29	12 / 30	13 / 1	14 / 2	15 / 3	16 / 4	17 / 5
16	18 / 6	19 / 7	20 / 8	21 / 9	22 / 10	23 / 11	24 / 12
17	25 / 13	26 / 14	27 / 15	28 / 16	29 / 17	30 / 18	

MAY — Ramadan (9) Shawwal (10)

	SUN	MON	TUE	WED	THU	FRI	SAT
17	30 / 18	31 / 19					1 / 19
18	2 / 20	3 / 21	4 / 22	5 / 23	6 / 24	7 / 25	8 / 26
19	9 / 27	10 / 28	11 / 29	12 / 30	13 / 1	14 / 2	15 / 3
20	16 / 4	17 / 5	18 / 6	19 / 7	20 / 8	21 / 9	22 / 10
21	23 / 11	24 / 12	25 / 13	26 / 14	27 / 15	28 / 16	29 / 17

JUNE — Shawwal (10) Dhu-al-Qa'dah (11)

	SUN	MON	TUE	WED	THU	FRI	SAT
22			1 / 20	2 / 21	3 / 22	4 / 23	5 / 24
23	6 / 25	7 / 26	8 / 27	9 / 28	10 / 29	11 / 1	12 / 2
24	13 / 3	14 / 4	15 / 5	16 / 6	17 / 7	18 / 8	19 / 9
25	20 / 10	21 / 11	22 / 12	23 / 13	24 / 14	25 / 15	26 / 16
26	27 / 17	28 / 18	29 / 19	30 / 20			

JULY — Dhu-al-Qa'dah (11) Dhu-al Hujjah (12)

	SUN	MON	TUE	WED	THU	FRI	SAT
26					1 / 21	2 / 22	3 / 23
27	4 / 24	5 / 25	6 / 26	7 / 27	8 / 28	9 / 29	10 / 30
28	11 / 1	12 / 2	13 / 3	14 / 4	15 / 5	16 / 6	17 / 7
29	18 / 8	19 / 9	20 / 10	21 / 11	22 / 12	23 / 13	24 / 14
30	25 / 15	26 / 16	27 / 17	28 / 18	29 / 19	30 / 20	31 / 21

AUGUST — Dhu-al-Hujjah (12) Muharram (1) 1443

	SUN	MON	TUE	WED	THU	FRI	SAT
31	1 / 22	2 / 23	3 / 24	4 / 25	5 / 26	6 / 27	7 / 28
32	8 / 29	9 / 1	10 / 2	11 / 3	12 / 4	13 / 5	14 / 6
33	15 / 7	16 / 8	17 / 9	18 / 10	19 / 11	20 / 12	21 / 13
34	22 / 14	23 / 15	24 / 16	25 / 17	26 / 18	27 / 19	28 / 20
35	29 / 21	30 / 22	31 / 23				

SEPTEMBER — Muharram (1) Safar (2)

	SUN	MON	TUE	WED	THU	FRI	SAT
35				1 / 24	2 / 25	3 / 26	4 / 27
36	5 / 28	6 / 29	7 / 30	8 / 1	9 / 2	10 / 3	11 / 4
37	12 / 5	13 / 6	14 / 7	15 / 8	16 / 9	17 / 10	18 / 11
38	19 / 12	20 / 13	21 / 14	22 / 15	23 / 16	24 / 17	25 / 18
39	26 / 19	27 / 20	28 / 21	29 / 22	30 / 23		

OCTOBER — Safar (2) Rabi' I (3)

	SUN	MON	TUE	WED	THU	FRI	SAT
39	31 / 25					1 / 24	2 / 25
40	3 / 26	4 / 27	5 / 28	6 / 29	7 / 1	8 / 2	9 / 3
41	10 / 4	11 / 5	12 / 6	13 / 7	14 / 8	15 / 9	16 / 10
42	17 / 11	18 / 12	19 / 13	20 / 14	21 / 15	22 / 16	23 / 17
43	24 / 18	25 / 19	26 / 20	27 / 21	28 / 22	29 / 23	30 / 24

NOVEMBER — Rabi' I (3)- Rabi' II (4)

	SUN	MON	TUE	WED	THU	FRI	SAT
44		1 / 26	2 / 27	3 / 28	4 / 29	5 / 30	6 / 1
45	7 / 2	8 / 3	9 / 4	10 / 5	11 / 6	12 / 7	13 / 8
46	14 / 9	15 / 10	16 / 11	17 / 12	18 / 13	19 / 14	20 / 15
47	21 / 16	22 / 17	23 / 18	24 / 19	25 / 20	26 / 21	27 / 22
48	28 / 23	29 / 24	30 / 25				

DECEMBER — Rabi' II (4) - Jumada I (5)

	SUN	MON	TUE	WED	THU	FRI	SAT
48				1 / 26	2 / 27	3 / 28	4 / 29
49	5 / 1	6 / 2	7 / 3	8 / 4	9 / 5	10 / 6	11 / 7
50	12 / 8	13 / 9	14 / 10	15 / 11	16 / 12	17 / 13	18 / 14
51	19 / 15	20 / 16	21 / 17	22 / 18	23 / 19	24 / 20	25 / 21
52	26 / 22	27 / 23	28 / 24	29 / 25	30 / 26	31 / 27	

Ramadan (tentative) | National day | Holidays | Weekends

Head Office:
First Floor, Kanoo Building,
P.O. Box 33, Rahima 31941
Tel.: +966 13 668 0838 Fax: +966 13 667 5853
E-mail: john@sealandmaritime.com

Branch Office:
Flat 03, Building 966, Road 1812
Block 318, Hoora, Bahrain
Tel.: +973 1729 0129 Fax: +973 1368 0505
E-mail: sales@sealandmaritime.com



www.sealandmaritime.com

MANAGING DIRECTORS: THANKACHAN JOHN, JOSE KEEPALLIL